സഹകരണ ബോധിനി

GOVT. BASIC TRAINING SCHOOL
No. 1267
KOTTAYAM, KERALA
156

ഗവണ്മെൻറിൽനിന്നും
പ്രസിദ്ധപ്പെടുത്തുന്നതു്

1962

സഹകരണബോധിനി

256

GOVT. BASIC TRAINING SCHOOL
No. 1267
Date
KOTTAYAM, KERALA

ഗവണ്മെൻറിൽനിന്നും പ്രസിദ്ധപ്പെടുത്തുന്നതു്

PRINTED AT

THE GOVERNMENT PRESS

TRIVANDRUM

1962

©

Government of Kerala

1962

സഹകരണബോധിനി

I

കർഷകന്ന വായ്പ ലഭിക്കുന്നതെങ്ങനെ?

അവൻെറ ഉത്പന്നങ്ങൾ വില്ക്കുന്നതെങ്ങനെ?

റാം, തനിക്ക പൈതൃകമായി ലഭിച്ച അഞ്ചു് ഏക്കറോളം വരുന്ന ഭൂമി പത്തു വർഷമായി കൃഷി ചെയ്തുവരികയാണ്. അയാറം വിവാഹിതനാണ്. അയാളെ ആശ്രയിച്ച നാലുപേർ കഴിയുന്നുണ്ടു്—അയാളുടെ ഭാര്യ സാഖുവും അഞ്ചുവയസ്സുള്ള പുത്രൻ ഭിക്കുവും രണ്ടുവയസ്സുള്ള പുത്രിയും അയാളുടെ രോഗിണിയായ മാതാവ് രമാഭായിയും.

റാം തൻെറ പിതാവിനോടും മൂന്നു സഹോദരന്മാരോടും ഒരുമിച്ച സ്വന്തം വയലിൽ ജോലിചെയ്തിട്ടുണ്ടു്. കൃഷി ചെയ്യുവാനുള്ള പരമ്പരാഗതമായ പാടവം അയാറം നേടിയിട്ടുമുണ്ടു്. ഗ്രാമത്തിൽ കൃഷിചെയ്തിരുന്ന ഒരേ ഒരു ധാന്യമായ നെല്ലു് കൃഷി ചെയ്യേണ്ട രീതിയും അയാറംക്കറിയാം. കുട്ടിക്കാലത്തു പാടത്തിൽ ജോലിചെയ്യുന്നതു സംബന്ധിച്ച പിതാവിനെ സഹായിക്കാൻ പോയിത്തുടങ്ങിയ കാലംമുതൽ അയാറം നെൽക്കൃഷിയാണു് ചെയ്തിരുന്നതു്.

റാം ശൈശവകാലത്തെ ഓർത്തു. അന്നു് അയാളും, മാതാപിതാക്കളും സന്തുഷ്ടരായിരുന്നു. അവരുടെ ഉപയോഗത്തിനുള്ള കോപ്പുകളും, വസ്ത്രങ്ങളും, ഉത്സവദിവസങ്ങളിൽ വേണ്ടിവരുന്ന ചെറുതരം ആഡംബരസാധനങ്ങളും വാങ്ങാൻ ആവശ്യമുള്ള ധാന്യം സ്വന്തംനിലങ്ങളിൽ അവർ കൃഷിചെയ്തുവന്നു. നെയ്ത്തുകാരനും, പാത്രം മെനയുന്നവനും റാമിൻെറ കുടുംബത്തിനാവശ്യമുള്ളതു കൊടുക്കുകയും പകരം ധാന്യങ്ങറം സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രായപൂർത്തിയാകുന്നതുവരെ നാണയങ്ങളോ, നോട്ടുകളോ കണ്ടിരുന്നതായി റാം ഓർക്കുന്നില്ല.

11/4542/V.

ഗ്രാമജീവിതത്തിൽ ഉണ്ടായ മാററം.

പ്രായപൂർത്തിവന്ന ഒരാാം എന്ന നിലയിൽ റാമിനു സ്വന്തം ഗ്രാമത്തിൽ സാവധാനമായും അസ്പഷ്ടമായും മാററങ്ങാം വന്നു കൊണ്ടിരുന്നതു കാണാൻ കഴിഞ്ഞു. ഗ്രാമജീവിതം മുമ്പത്തെപ്പോലെ അത്ര ലഘുവല്ലായിരുന്നു. പിതാവിൻെറ കാലശേഷം തനിക്ക് ഓഹരിയായി ലഭിച്ച നിലം കൃഷിചെയ്യേണ്ട ചുമതല കയ്യേല്ക്കുന്നതുവരെ ഈ മാററങ്ങളുടെ വ്യാപ്തി എത്രമാത്രമുണ്ടെന്നു റാം ഒരിക്കലും മനസ്സിലാക്കിയിരുന്നില്ല.

റാമിൻെറ ശരീരത്തിനു നല്ല ഉറപ്പും, ശക്തിയും ഉണ്ടായിരുന്നു. അയാാം സത്യസന്ധനും പ്രയത്നശീലനും ആയിരുന്നു. തനിച്ചു കൃഷിജോലികളിൽ ഏർപ്പെട്ടപ്പോാം അതെത്രമാത്രം വൈഷമ്യമുള്ളതാണെന്ന് അയാാംക്കു മനസ്സിലായി. എല്ലാ കാര്യങ്ങളും തൻെറ പിതാവു് എങ്ങനെ ഭംഗിയായി നടത്തിയിരുന്നുവെന്ന് അയാാം അത്ഭുതപ്പെട്ടു. അയാളുടെ പിതാവിനു് നിലങ്ങാം അല്ലാതെ വേറെ യാതൊന്നും അയാാംക്കു നൽകാൻ ഇല്ലായിരുന്നു. അയാാംക്കു മററുവകയിൽ സമ്പാദ്യമായി യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ അയാാം തൻെറ ഗ്രാമത്തിലെ ജന്മിയുടെയടുക്കലും, ഉത്തമർണ്ണനായ ശങ്കരറാവുവിൻെറയടുക്കലും പോയി ചെറിയ തുകകാം കൊണ്ടുവന്നു വിത്തുംവളവും വാങ്ങുക പതിവായിരുന്നുവെന്നു റാമിനറിയാം. ഈ ചെറിയ തുകകാംകൊണ്ടു് കൊയ്ത്തുകാലത്തിനു മുൻപു ജോലിയില്ലാത്ത അവസരങ്ങളിലും വേനൽക്കാലങ്ങളിലും ആഹാരസാധനങ്ങളും മററും വാങ്ങി ഉപയോഗിക്കും. സഹായം ആവശ്യപ്പെട്ടാൽ തനിക്കും ശങ്കരറാവു പണം തരുമെന്നു റാം വിചാരിച്ചു. റാം ശങ്കരറാവുവിനോടു നടത്തിയ ആദ്യത്തെ അപേക്ഷ അയാളെ നിരാശനാക്കിയില്ല. റാമുമായുള്ള ബന്ധം പുതുക്കുന്നതിനു ശങ്കരറാവുവിനു് അതിയായ സന്തോഷം ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ റാമിനെപ്പോലെയുള്ള പാവപ്പെട്ട കർഷകരോടു പെരുമാറേണ്ട രീതി അയാാംക്കു നല്ലവണ്ണം അറിയാമായിരുന്നു. അയാാം റാമിൻെറ പിതാവിനെപ്പററി ദയാപൂർവ്വം സംസാരിച്ചു.

ഉത്തമണ്ണനിൽനിന്നു വായ്പ

ഓരോ വർഷവും റാം ശങ്കരറാവുവിൻെറ കൈയിൽനിന്നു പണം കടം വാങ്ങി. വിളവെടുത്താൽ ഉടൻതന്നെ കടം വീട്ടും. ധാന്യം ഗ്രാമത്തിലെ കച്ചവടക്കാരനു വില്ക്കും. കുറഞ്ഞ വിലയാണു തൻെറ ഉത്പന്നത്തിനു കിട്ടുന്നതെന്നു റാമിനറിയാം. പക്ഷേ അയാൾക്കു മററു പോംവഴികളൊന്നുമില്ല. കൊയ്ത്തു കഴിഞ്ഞാലുടൻ കടമെടുത്ത പണം പലിശയുംപ്പെടെ ഉത്തമണ്ണനു തിരിച്ചുകൊടുക്കണം. ഭൂനികുതിയും റാം കൊടുക്കേണ്ടതായിട്ടുണ്ട്. കടത്തിന്മേലുള്ള പലിശ ഭാരിച്ച ഒരു തുകയാണ്. കൂടാതെ റാം അയാളുടെ അടുക്കളത്തോട്ടത്തിൽ കൃഷി ചെയ്തുണ്ടാക്കുന്ന പച്ചക്കറികൾ ശങ്കരറാവു എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടുമിരുന്നു.

ശങ്കരറാവുവിൻെറ കൈയിൽ നിന്നു കിട്ടിക്കൊണ്ടിരുന്ന ചെറിയ തുക നല്ലൊരു വിളവിനു വേണ്ടതായ വിത്തോ, വളമോ വാങ്ങാൻ ഒട്ടും തികയുകയില്ലായിരുന്നു. ഓരോ വർഷം കഴിയുംതോറും നിലത്തിൽ നിന്നുള്ള ആദായം കുറഞ്ഞുവന്നു. നിലത്തിൽ നിക്ഷേപിക്കാൻ അയാൾക്കു പണം ഉണ്ടായിരുന്നില്ല. ആണ്ടുതോറും റാം പലിശയുംപ്പെടെ കടം വീട്ടിക്കൊണ്ടിരുന്നു. അങ്ങനെയിരിക്കെ ഒരാണ്ടിൽ വിളവ് എങ്ങനെയോ നഷ്ടമായപ്പോൾ റാമിനു കടംവീട്ടാൻ സാധിച്ചില്ല. ആ കൊല്ലം റാമിനു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. വേനൽക്കാലം കഴിച്ചുകൂട്ടാൻ ആഹാരപദാൎത്ഥങ്ങളും മററു് അത്യാവശ്യസാധനങ്ങളും വാങ്ങുന്നതിനുള്ള പണത്തിനുവേണ്ടി ശങ്കരറാവുവിൻെറയടുക്കൽ പോകാൻ റാം നിർബന്ധിതനായി. ശങ്കരറാവു വളരെ ദയാലുവായിരുന്നു. അയാൾ റാമിനു വിത്തും, വളവും മററും വാങ്ങാൻ പണം കൊടുത്തു. മഴക്കാലം അടുത്തുവരികയാണ്. റാമിനു കൃഷിജോലികൾ തുടരാം. കാലവർഷം വളരെ അനുകൂലമായിരുന്നു ആയാണ്ടിൽ. വിളവെടുപ്പും സാമാന്യം ഭേദമായിരുന്നു. എന്നാൽ അതിൻെറ പകുതിയോളം താൻ ഉണ്ടാക്കിയ കടത്തിൻെറ പലിശയായി ശങ്കരറാവുവിനു്

കൊടുക്കേണ്ടതായിട്ടുണ്ടെന്നു് അയാറംക്കു് അറിയാമായിരുന്നു. ബാക്കിയുള്ള പകുതി ആ വർഷത്തിൽ ഒമ്പതുമാസത്തെ ആവശ്യങ്ങറംക്കുപോലും മതിയാകുകയില്ല. കുമിഞ്ഞുകൊണ്ടിരിക്കുന്ന കടം എവിടെ നിന്നാണു് അയാറം വീട്ടേണ്ടതു്? ശങ്കരറാവു വന്നു ധാന്യം കൊണ്ടുപോകുകയാണെങ്കിൽ റാം എവിടേയ്ക്കാണു പോകേണ്ടതു്? എന്താണു ചെയ്യേണ്ടതു്?

ഈ പ്രാവശ്യം ശങ്കരറാവു കൊയ്ത്തു കഴിഞ്ഞയുടൻ റാമിൻെറ വീട്ടിലേക്കു പോവുകയുണ്ടായി. ധാന്യം മെതിക്കുന്നതു നോക്കാൻ ഒരാളേയും അയാറം അവിടെ ഏർപ്പെടുത്തി. പലിശയും, കടവും ഒന്നായി ഉടനടി വസൂലാക്കണമെന്നു് ഈ പ്രാവശ്യം ശങ്കരറാവു ആഗ്രഹിച്ചു. മെതി കഴിഞ്ഞയുടൻ തന്നെ അയാളുടെ ആറംക്കാർ പലിശ ഇനത്തിലും, കൊടുക്കേണ്ടതായ വലിയ കടത്തിൻെറ ഒരു ഭാഗമെന്ന ഇനത്തിലും ധാന്യത്തിൻെറ മുക്കാലോളം പങ്കു് ബലാൽക്കാരമായി എടുത്തുകൊണ്ടുപോയി. ശങ്കരറാവുവിൻെറ ഇത്തരം ഉപായങ്ങറം റാമിനു പുത്തരിയായിരുന്നു.

ധർമ്മസങ്കടം

റാമിൻെറ കുടുംബം പെരുകി. അവർ ആറുപേരായി. അയാറംക്കു മൂന്നു കുട്ടികറം ഉണ്ടായിരുന്നു. മൂത്തതായ ആൺകുട്ടിക്കു് ഇപ്പോറം പതിനാറുവയസ്സാണു്. അവൻ മാതൃഭാഷയിലെ അവസാനപരീക്ഷ ജയിച്ചു. റാമിൻെറ ഗാർഹിക കാര്യങ്ങളെല്ലാം വർദ്ധിച്ചു. നിലത്തിൽനിന്നു കിട്ടുന്ന ആദായം റൊട്ടി പാകം ചെയ്യാനുള്ള ധാന്യംപോലും വാങ്ങാൻ തികഞ്ഞില്ല. വേനൽക്കാലം മുഴവൻ കിഴങ്ങുവർഗ്ഗങ്ങറംകൊണ്ടു് അവർ കഴിച്ചുകൂട്ടി. വല്ലപ്പോഴുമൊരിക്കൽ റൊട്ടിഭക്ഷണത്തിൻെറ സുഖവും അവർ അനുഭവിക്കാതിരുന്നില്ല.

"കാലവർഷം ഉടനെ ആരംഭിക്കും. ഞാൻ എന്തുചെയ്യും? എവിടെ പോകും? വിത്തുവാങ്ങാൻ പണം ആരു് എനിക്കു തരും? എങ്ങനെ കൂലി കൊടുക്കും? കൃഷിയിറക്കിയില്ലെങ്കിൽ

1267

എങ്ങനെയാണു ഞാൻ ആഹാരം കഴിക്കുന്നതു് ?'' ഏവംവിധമായ ചിന്തകഠം രാമിനെ അലട്ടി. അയാഠം വരാന്തയിൽ മലൎന്നു കിടന്നു തന്റെ വിഷമതകളെപ്പററി ആലോചിക്കുക പതിവായിരുന്നു. നല്ല രക്ഷയില്ലാത്തതുകൊണ്ടു മെലിഞ്ഞുപോയ പോത്തുകഠം എരുത്തിലിൽ നിന്നും വല്ലാതെ ശബ്ദിക്കുകയാണു്. അയാഠം എണീററു് അവററയുടെ കണ്ണുകളിലേക്കു നോക്കും, അവററയാണു് അയാളുടെ ഒരേയൊരു ധനം. അനേകദിവസങ്ങളായി അയാഠം ചിന്തിക്കുകയാണു്. ശങ്കരറാവു അയാളുടെ അമിതമായ സ്വന്തം വ്യവസ്ഥകഠംക്കു വിധേയമായല്ലാതെ പണം കടം കൊടുക്കുകയില്ലെന്നു രാമിനറിയാം.

തന്റെ നിലത്തിൽ നിന്നു മുമ്പു കിട്ടിക്കൊണ്ടിരുന്നിടത്തോളം ആദായം ഇപ്പോഠം കിട്ടുന്നില്ലെന്നുള്ള കാര്യവും രാമിനറിയാം. രാമിനു ഉറച്ച ഒരു മനസ്സുണ്ടായിരുന്നു. നല്ലൊരു ജീവിതം നയിക്കണമെന്നുള്ള തീരുമാനമെടുത്ത അയാഠംക്കു് അതിനുവേണ്ടി കഠിനമായി പ്രയത്നിക്കാനുള്ള താത്പര്യം ഉണ്ടായിരുന്നു. ഈ ഗുണങ്ങളെല്ലാം രാമിനു് ഉണ്ടായിരുന്നിട്ടും ഗ്രാമത്തിലെ ജന്മിയും, ഉത്തമർണ്ണനായ ശങ്കരറാവുവും അല്ലാതെ മററാരും തന്നെ അയാഠംക്കു പണം കടം കൊടുക്കാൻ ഉണ്ടായിരുന്നില്ല.

പുരോഗമനപരമായ ആശയങ്ങൾ

രാമിന്റെ മകൻ ഭിക്കു ഗ്രാമത്തിലെ വിദ്യാലയത്തിൽ അഭ്യസനം നടത്തിയിരുന്നു. അവൻ അയൽഗ്രാമങ്ങളിൽ അലഞ്ഞുതിരിയുക പതിവായിരുന്നു. ഒരു ദിവസം അവൻ അയൽ ഗ്രാമത്തിലെ ഗ്രാമച്ചന്തയിൽ പോയിട്ടു വളരെ വൈകിയിട്ടാണു വീട്ടിൽ മടങ്ങി വന്നതു്. ആസന്നമായ കുഴപ്പങ്ങളാൽ മനസ്സിളകിപ്പോയ രാം വളരെ വൈകിയിട്ടുപോലും മകൻ തിരിച്ചുവരാത്തതിൽ വിഷണ്ണനായി. ബാലനായ ഭിക്കു രാത്രി വളരെ വൈകിയതിനുശേഷം മടങ്ങിവന്നു. അവനു് അച്ഛനെ എപ്പോഴും ഭയമായിരുന്നു. എന്നാൽ ഈ പ്രാവശ്യം അച്ഛൻ തന്നെ ശിക്ഷിക്കുകയില്ലെന്നു് അവൻ വിശ്വസിച്ചു. ചന്തയിൽ

വച്ചു് കണ്ടതും കേട്ടതുമെല്ലാം മാതാപിതാക്കളോടും ഇളയ സഹോദരിയോടും പറയാൻ ഭിക്കു് തത്പരനായി. ആ ഗ്രാമച്ചന്തയിൽവച്ചു് ഡിസ്ട്രിക്റ്റു് സഹകരണസംഘപരിശീലന ഇൻസ്പെക്റ്റർ ദേശായി കർഷകരെ അഭിസംബോധനചെയ്തു സംസാരിക്കുകയുണ്ടായി. ഒരു സഹകരണസംഘത്തിൽ അംഗമായി ചേർന്നു വിത്തും, വളവും മറ്റും വാങ്ങാനുള്ള വായ്പ എങ്ങനെയുണ്ടാക്കാമെന്നു് അദ്ദേഹം കർഷകരോടു പറയുകയായിരുന്നു. ജപ്പാൻ രീതിയിലുള്ള കൃഷിസമ്പ്രദായം സ്വീകരിക്കുന്നതുമൂലം നിലങ്ങളിലെ വിളവു് എങ്ങനെ വർദ്ധിപ്പിക്കാമെന്നുള്ളതിനെപ്പറ്റി ഗ്രാമസേവകൻ ഗാന്ധിയും കർഷകരോടു സംസാരിച്ചു. ഞാറുകൾ പറിച്ചു നടേണ്ടതും അവയെ പരിപോഷിപ്പിക്കേണ്ടതും എന്നാണെന്നും, നിലത്തിൽ വളം ഇട്ടു് ഫലപ്രദമാക്കേണ്ടതു് എങ്ങനെയെന്നും എപ്പോഴെന്നും അയാൾ കർഷകർക്കു വിശദീകരിച്ചുകൊടുത്തു. ഗ്രാമത്തിൽവച്ചു സഹകരണസംഘത്തെക്കുറിച്ചു് റാം കേട്ടിരുന്നു. എന്നാൽ അയാൾക്കു് എപ്പോഴും ഉപദേശം കൊടുത്തിരുന്ന ശങ്കരറാവു അയാൾ സഹകരണസംഘത്തിൽ അംഗമാകുന്നതിൽനിന്നു് അയാളെ പിന്തിരിപ്പിച്ചു. അയാളുടെ നിലങ്ങൾക്കടുത്തു് നിലം കൃഷിയുള്ള അയാളുടെ സ്നേഹിതരും സഹകരണസംഘത്തിലെ അംഗങ്ങളായിരുന്നില്ല. എങ്ങനെയായാലും സഹകരണസംഘത്തെക്കുറിച്ചു കൂടുതൽ കാര്യങ്ങൾ അറിയാൻ റാം തീരുമാനിച്ചു. ഗ്രാമത്തിലെ ഉത്തമർണ്ണൻ അയാളെ പരാജയപ്പെടുത്തുന്നയവസരത്തിൽ സഹകരണസംഘം സഹായിക്കുമെന്നുള്ള പ്രതീക്ഷയോടെ അയാൾ അന്നുരാത്രി ഉറങ്ങാൻ പോയി.

മാനസാന്തരം

അടുത്തദിവസം രാവിലെ പതിവായുള്ള പ്രാതലിനുശേഷം അയാൾ വയലിലേക്കുപോയി. വയലിലേക്കുതന്നെ പോയ തൻെറ സ്നേഹിതൻ ധോണ്ടുവിനെ റാം വിളിച്ചു. ഒരു വായ്പയ്ക്കു വേണ്ടി സഹകരണസംഘത്തെ സമീപിക്കണമെന്നുള്ള തൻെറ ഉദ്ദേശ്യം വെളിപ്പെടുത്തണമെന്നു് അയാൾ ആഗ്രഹിച്ചു. ഗ്രാമ

ച്ചന്തയിൽ പോയിരുന്ന ധോണ്ടുവും, ദേശായി പറഞ്ഞതൊക്കെ കേരംക്കുകയുണ്ടായി. രണ്ടുപേരും തമ്മിൽ ആലോചിച്ചതിനു ശേഷം സഹകരണസംഘത്തിൻെറ സെക്രട്ടറിയേയും ഔദ്യോഗികഭാരവാഹികളേയും അന്നു വൈകുന്നേരം തന്നെ കാണണമെന്നു തീരുമാനിച്ചു. സംഘത്തിൻെറ സെക്രട്ടറിയും തങ്ങളുടെ സ്നേഹിതനുമായ പാണ്ടുരംഗ് തങ്ങളെ വേണ്ടവണ്ണം സ്വീകരിച്ചു ശരിയായ നിർദ്ദേശങ്ങരംതന്നു സഹായിക്കുമെന്നു റാമിനും ധോണ്ടുവിനും നിശ്ചയമുണ്ടായിരുന്നു.

അന്നു് വൈകുന്നേരം റാമും ധോണ്ടുവും സഹകരണസംഘാദ്ധ്യക്ഷൻെറ ആഫീസിൽ സ്ഥിതിചെയ്തിരുന്ന സൊസൈററി ആഫീസിൽ പോയി. അദ്ധ്യക്ഷനായ ആത്മാറാം ആ ഗ്രാമത്തിലെ പ്രായംകൂടിയ ഒരു കർഷകനാണു്. റാമിനും, ധോണ്ടുവിനും ആത്മാറാമിനോടു് അളവററ ഭക്തിയും ബഹുമാനവും ഉണ്ടായിരുന്നു. അവർ അവിടെ ചെന്നപ്പോരം ആത്മാറാമും പാണ്ടുരംഗും സൊസൈററിയുടെ പ്രവർത്തനത്തേയും അംഗങ്ങളുടെ വായ്പ സംബന്ധമായ ആവശ്യങ്ങളേയുംപററി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

അല്പം അസ്വസ്ഥരായി കാണപ്പെട്ട റാമിനേയും, ധോണ്ടുവിനേയും പാണ്ടുരംഗ് വേഗം ആശ്വസിപ്പിച്ചു. അനന്തരം അവരുടെ ആഗമനോദ്ദേശ്യം അദ്ധ്യക്ഷനെയറിയിക്കുകയുണ്ടായി. അവരുടെ വായ്പ സംബന്ധമായ ആവശ്യങ്ങരംക്കുവേണ്ടി സൊസൈററിക്കു് എന്തു ചെയ്യാൻ കഴിയും എന്നാരായുന്നതിനു വേണ്ടിയാണു് അവർ വന്നിരിക്കുന്നതെന്നു് അദ്ധ്യക്ഷനോടു് പാണ്ടുരംഗ് പറഞ്ഞു.

സൊസൈററിയിൽ അംഗത്വം

ആ സൊസൈററി കഴിഞ്ഞ നാലു വർഷങ്ങളായി പ്രവർത്തിച്ചുവരികയാണെന്നും അതിലെ അംഗസംഖ്യ അൻപതിനു മേലാണെന്നും സൊസൈററി ചെയർമാൻ റാമിനേയും, ധോണ്ടുവിനേയും അറിയിച്ചു. അവരുടെ ഗ്രൂപ്പിലുള്ള ഗ്രാമങ്ങളിലെ

എല്ലാ നല്ല കർഷകരേയും ഉൾപ്പെടുത്തി സൊസൈററി വിപുല പ്പെടുത്തണമെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. അവരുടെ സൊസൈററിയിലെ അംഗങ്ങൾക്ക് ഒരിക്കലും ഗ്രാമത്തിലെ ഉത്തമർണ്ണനെ ആശ്രയിക്കേണ്ടി വന്നിട്ടില്ലെന്ന് അദ്ദേഹം അവരോടു പറഞ്ഞു. അവരുടെ വായ്പസംബന്ധമായ ആവശ്യ ങ്ങൾ സൊസൈററിയാണു നിറവേററിക്കൊടുക്കുന്നത്.

അവർക്കു മാനേജിംഗ്കമ്മിററി അംഗങ്ങൾക്കും റാമിനേയും ധോണ്ടുവിനേയും സൊസൈററി അംഗങ്ങളായി സ്വാഗതം ചെയ്യാൻ സന്തോഷമേയുള്ളുവെന്നും ആവശ്യമനുസരിച്ച് അവർക്കു പണം മിതമായ പലിശനിരക്കിൽ വായ്പയായി നൽകാമെന്നും ആത്മാറാമും പാണ്ഡുരംഗും അവരോടു പറഞ്ഞു. പലിശനിരക്ക് നൂറു രൂപയ്ക്ക് ഏഴു രൂപ ഇരുപതു നയാപൈസയാണ്—അതായതു പ്രതിമാസം അറുപതു നയാപൈസ. പരിഷ്കരിച്ചരീതിയിൽ നെൽകൃഷി ചെയ്യുന്നതിനുവേണ്ടി അവരുടെ നിലങ്ങളുടെ വിസ്തൃതി അനുസരിച്ച് സൊസൈററി അവർക്കു പണം വായ്പ യായി നൽകുന്നതായിരിക്കുമെന്നും അറിയിച്ചു.

റാമും ധോണ്ടുവും ഇതേപ്പററി സംസാരിച്ചു. ഗ്രാമത്തിലെ ഉത്തമർണ്ണൻെറ പിടിയിൽ നിന്നു മോചനം നേടുന്ന ദിവസ ത്തിൻെറ ലക്ഷണങ്ങൾ തങ്ങൾ കണ്ടുവെന്ന് അവർ സമാ ധാനിച്ചു.

അവരുടെ കണ്ണുകളിൽ സന്തോഷം കളിയാടിയിരുന്നത് ആത്മാറാം കണ്ടു. എന്നാൽ ആ സൊസൈററി ഒരു പരസ്പര സഹായസംഘമാണെന്നും അതിൻെറ ശക്തി മിതവ്യയശീലം, പ്രയത്നം, പുരോഗമനോന്മുഖമായ ഇടപാടുകൾ, ജീവിതരീതി എന്നിത്യാദികളിലാണു സ്ഥിതിചെയ്യുന്നതെന്നും അവരെ ഓർമ്മി പ്പിച്ചാൽ കൊള്ളാമെന്നും അദ്ദേഹം ആഗ്രഹിച്ചു. കർഷകർക്ക് ആവശ്യമായ വായ്പകൾ സൊസൈററി നൽകും. എന്നാൽ അവർ പരസ്പരം സഹായിക്കുമെന്നും, അഭിവൃദ്ധി പ്രാപിക്കു മെന്നും, പ്രയത്നിക്കുമെന്നും, സത്യസന്ധത പാലിക്കുമെന്നും, നീതിപൂർവ്വം പ്രവർത്തിക്കുമെന്നും സ്വയം പ്രതിജ്ഞ ചെയ്യേണ്ടു തായിട്ടുണ്ട്.

സൊസൈററിയുടെ ചട്ടവട്ടങ്ങരം അനുസരിച്ചു പ്രവത്തിക്കാമെന്നു റാമും, ധോണ്ടുവും സമ്മതിച്ചു.

അടുത്തയാഴ്ചയിൽത്തന്നെ റാമും ധോണ്ടുവും സൊസൈററിയിൽ അംഗങ്ങളായി ചേന്നു. അംഗങ്ങരംക്കുണ്ടാകാവുന്ന ഗുണങ്ങളെപ്പററിയും അവർ ഗ്രഹിച്ചു. സൊസൈററി നിയമാവലിയുടെ ഒരു പ്രതിയും അവക്കു കിട്ടി. ഈ നിയമാവലി ഭിക്കുവിൻെറ സഹായത്താൽ അവർ പിന്നീടു് മനസ്സിലാക്കുന്നതായിരിക്കും. കൃഷിചെയ്യാനാവശ്യമായ വിത്തും വളവും മററും വാങ്ങാനുള്ള വായ്പ റാം അനുവദിപ്പിച്ചു വാങ്ങി. അക്കൊല്ലത്തെ തൻെറ കൃഷി മുമ്പിലത്തേതിനെക്കാളും വളരെ ഫലപ്രദമായിരിക്കുമെന്നുള്ള പൂണ്ണവിശ്വാസത്തോടെ റാം വീട്ടിലേക്കു മടങ്ങി.

II

നിങ്ങളുടെ ഉത്പന്നങ്ങളെ കൂടിയ വിലയ്ക്ക് എങ്ങനെ വില്ക്കാം ?

ബചുഭായി എന്ന ഒരു ചെറിയ കർഷകൻ പരുത്തിക്കൃഷി ചെയ്യുക പതിവായിരുന്നു. തൻെറ ചെറിയ നിലത്തിലാണ് അയാൾ ആണ്ടുതോറും പരുത്തിക്കൃഷി ചെയ്തു വന്നിരുന്നത്, ബചുവിൻെറ ഭാഗ്യം, പരുത്തിയുടെ ആവശ്യക്കുടതലിനേയും അതിനു ഗ്രാമീണ വ്യാപാരി നൽകാൻ ഇഷ്ടപ്പെടുന്ന വിലയേയും ആശ്രയിച്ചാണിരുന്നത്. ഓരോ ആണ്ടിലും ഛോട്ടുലാൽ എന്ന ഗ്രാമീണവ്യാപാരിക്ക് അയാൾ പരുത്തി വിററിരുന്നു.

പകരമായി, ഛോട്ടുലാൽ ബചുഭായിക്കു ഭക്ഷ്യധാന്യങ്ങളും· വേണ്ടപ്പോഴെല്ലാം പലചരക്കുകൾ മുതലായവയും പുറമേ അത്യാവശ്യസാധനങ്ങൾ വാങ്ങുന്നതിനു ചെറിയ തുകകളും കൊടുത്തിരുന്നു. കാർഷിക പ്രവത്തനങ്ങൾ ആരംഭിക്കുമ്പോൾ, ഛോട്ടുലാൽ സാമാന്യം വലിയ തുകകളും ബചുഭായിക്കു കടം നൽകിയിരുന്നു. ഇതിനുപകരം തൻെറ പരുത്തി ഛോട്ടുലാലിനു നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരുന്നു.

വിളവ് ഉത്തമർണ്ണനു വിററു

വിളവെടുത്തപ്പോൾ പരുത്തി മുഴവനും അയാൾ ഛോട്ടുലാലിനു നൽകി. ഏതാനും ചാക്കു പരുത്തി കൊടുത്തുവെന്നല്ലാതെ അതിനു് എന്തു തൂക്കമുണ്ടായിരുന്നുവെന്നോ നിലവിലുള്ള ചന്തനിരക്കു് എന്തായിരുന്നുവെന്നോ അയാൾക്കു് അറിഞ്ഞുകൂടായിരുന്നു. പരുത്തിക്കു കൂടിയ വില ലഭിക്കുന്ന ചന്തകളെ കുറിച്ചും അയാൾക്കു് അറിവുണ്ടായിരുന്നില്ല. കടമായി കൊടുക്കുന്ന തുകയുടേയും മുതലിൻേറയും പലിശ കുറച്ചിട്ടു ബാക്കി എന്തു തുക കൊടുത്താലും ബചുഭായി അതു സ്വീകരിച്ചിരുന്നു.

ഛോട്ടുലാൻ എപ്പോഴും വിനീതനും സൗമ്യശീലനുമായിരുന്നു. ബചു കടമായി ചോദിച്ച ഏതൊരു ചെറിയ തുകയും കൊടുക്കാൻ അയാൾ ഒരിക്കലും വിസമ്മതിച്ചിരുന്നില്ല.

വഷംതോറും കാർഷികാവശ്യങ്ങാംക്ക വേണ്ടധനം വാങ്ങാൻ ഷേരാട്ടലാലിനെ സമീപിക്കുക എന്നതു ബച്ചുവിൻെറ ശീല മായിത്തീന്നിരുന്നു. അയാാംക്ക മാത്രമേ ബച്ചു പരുത്തി വിററി രുന്നുള്ളു. അതു സംഭരിക്കുന്നതിനുള്ള യാതൊരു സൗകര്യവും ബച്ചുവിനില്ലായിരുന്നു. വിളവെടുത്താലുടൻതന്നെ പരുത്തി വിററിട്ടു കടം വാങ്ങിയ തുകയും അതിന്മേലുള്ള പലിശയും തിരിയെ കൊടുക്കണം. മററെല്ലാപേരും വില്ക്കുമ്പോാം അവനും വില്ക്കണം. എന്തുവിലയാണോ കിട്ടുന്നതു്, അതു സ്വീകരിക്കുകയും വേണം.

പരുത്തിയുടെ വിലയിടിവു്

ഒരിക്കൽ ബച്ചുവിൻെറ പരുത്തിവിളവു നന്നായിരുന്നു. കാലവർഷക്കാററു് അനുകൂലവും വിളവു ധാരാളവുമായിരുന്നു എന്നാൽ പരുത്തിക്കു് ആവശ്യക്കാർ വളരെയുണ്ടായിരുന്നില്ല. അയാളുടെ പരുത്തി മുഴവനും വാങ്ങിക്കൊണ്ടിരുന്ന ഷേരാട്ടലാൽ വളരെ കുറഞ്ഞവിലയ്ക്കല്ലാതെ വാങ്ങാൻ വിസമ്മതിച്ചു. ആ കുറഞ്ഞവിലയ്ക്കു ഷേരാട്ടലാലിനു പരുത്തി വിററിരുന്നെങ്കിൽ വളരെ ചെറിയ ഒരു തുക മാത്രമേ അയാാംക്കു ലഭിക്കുമായിരുന്നുള്ളു. ആ ഗ്രാമത്തിലെ പരുത്തി മുഴവനും വാങ്ങിക്കൊണ്ടിരുന്ന ബാംബെയിലേയും അഹമ്മദാബാദിലേയും പരുത്തി വ്യാപാരികളുടെ ഏജൻറന്മാർ, ഏററവും തുച്ഛമായ വിലയ്ക്കല്ലാതെ പരുത്തി വാങ്ങുന്നതിൽ താത്പര്യമില്ലാത്തവരാണെന്നു ഷേരാട്ടലാൻ അറിയിച്ചു. തൻെറ കടം ഈടാക്കുന്നതിൽ ഉൽകണ്ഠയുള്ള ഷേരാട്ടലാൽ, പരുത്തി ഒന്നുകിൽ തനിക്കു തരികയോ അല്ലെങ്കിൽ ഭവിഷ്യത്തു് അനുഭവിക്കുകയോ ചെയ്തുകൊള്ളാൻ ബച്ചുഭായിയോടു പറഞ്ഞു.

ബച്ചു പരുങ്ങലിലായി. പരുത്തി കൊടുക്കുകയാണെങ്കിൽ രൊക്കമായി ഒന്നും ലഭിക്കുകയില്ല. കൂടുതൽ വരവു തനിക്കു ണ്ടാകുന്നതോടുകൂടി ഷേരാട്ടലാലിൻെറ കടം മുഴവൻ കൊടുത്തു തീക്കാമെന്നാണു് അയാാം പ്രതീക്ഷിച്ചിരുന്നതു്. ഭാര്യയ്ക്കും കുഞ്ഞുങ്ങാംക്കും നല്ല വസ്ത്രങ്ങാം വാങ്ങാമെന്നുള്ള പ്രത്യാശയും

വിഫലമായി. തൻെറ സുഖസ്വപ്നങ്ങളൊന്നും ഇനിമേൽ ഫലി ക്കുകയില്ലെന്നും, പരുത്തി ഷേറാട്ടലാലിനു കൊടുക്കുകയാണെ ങ്കിൽ ഒന്നും ബാക്കി വരികയില്ലെന്നും നിരാശതയോടുകൂടി അയാൾ മനസ്സിലാക്കി. പരുത്തി ഷേറാട്ടലാലിനു കൊടുത്തി ല്ലെങ്കിൽ തനിക്കു് അയാൾ ചെയ്യാനിടയുള്ള ഉപദ്രവമോർത്തു ബച്ചു ഭയപ്പെട്ടു. ഷേറാട്ടലാലിൻെറ ഭീഷണിവാക്കുകൾ അപ്പോഴും അയാളുടെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു.

ഭാര്യയുടെ അഭിപ്രായം

പരുത്തിയുടെ വിലക്കുറവു ബച്ചുവിനെ വല്ലാതെ വിഷമി പ്പിച്ചു. ബച്ചുവിൻെറ ഭാര്യ അതു മനസ്സിലാക്കി. ഏഴുമൈൽ ദൂരെ യുള്ള ഒരു വലിയ ഗ്രാമത്തിൽ എല്ലാ വെള്ളിയാഴ്ചയും കൂടുന്ന ചന്തയെ അവൾ ഓർമ്മിച്ചു. കഴിഞ്ഞ കാലങ്ങളിൽ പാത്രങ്ങളും മററും വാങ്ങാൻ അവൾ ആ ചന്തയിൽ പോയിട്ടുണ്ടു്. ചന്തയുടെ ഒരു പ്രധാന ഭാഗത്തു പരുത്തിക്കെട്ടുകൾ അടുക്കി വച്ചിരിക്കു ന്നതു് അവൾ കണ്ടിട്ടുണ്ടു്. അതു കച്ചവടത്തിനായിരിക്കുമെന്നു് അവൾ തന്നെത്താൻ പറഞ്ഞിട്ടുമുണ്ടു്. അതിനെക്കുറിച്ചു് അവളുടെ ഭർത്താവിനോടു സംസാരിച്ചതിൽ അയാളും അവളോടു യോജിക്കുകയാണുണ്ടായതു്. പരുത്തിക്കച്ചവടത്തെക്കുറിച്ചു് അവർ ചർച്ച ചെയ്തുകൊണ്ടിരുന്നപ്പോൾ, അടുത്തുള്ള ഗ്രാമ ത്തിലെ കൃഷിക്കാരനും ബച്ചുഭായിയുടെ അളിയനുമായ രഞ്ജോടു് അവിടെ വന്നുചേർന്നു. ഗ്രാമസേവകനായ സാനു അഭിപ്രായപ്പെട്ടതനുസരിച്ചു ചന്തയിലേക്കു പരുത്തി കൊണ്ടു പോകുന്നതിനുള്ള തൻെറ പദ്ധതിയെപ്പററി രഞ്ജോടു് തുറന്നു പറഞ്ഞു. ചന്തയിലുള്ള പരുത്തിവ്യാപാരസംഘംവഴി പരുത്തി വില്ക്കാമെന്നു ഗ്രാമസേവകൻ വാഗ്ദാനം നൽകി യിരുന്നു. ബച്ചുഭായിക്കു് ഇതൊന്നും മനസ്സിലായില്ല. ഷേറാട്ടലാലിൻെറ മാർഗ്ഗം മാത്രമേ അയാൾക്കു് അറിയാമായിരു ന്നുള്ളു. ദൂരസ്ഥലങ്ങളിൽ പാർക്കുന്നവർക്കു് എങ്ങനെ പരുത്തി കൊടുക്കാമെന്നും അവരിൽനിന്നും പണം ലഭിക്കുന്നതിനു കാത്തിരിക്കുന്നതെങ്ങനെയെന്നും മനസ്സിലാക്കാൻ അവനു കഴിഞ്ഞില്ല. ഗ്രാമസേവകൻ തൻെറ ഗ്രാമത്തിൽ അന്നു വൈകു

ന്നേരം വിളിച്ചുകൂട്ടുന്ന പരുത്തിക്കൃഷിക്കാരുടെ സമ്മേളനത്തിൽ ബചുഭായിയെ കൊണ്ടുപോകാമെന്നു രഞ്ജോട്ട് വാഗ്ദാനം ചെയ്തു. അന്നു വൈകുന്നേരം അവർ സമ്മേളനത്തിൽ പങ്കു കൊണ്ടു.

സഹകരണാടിസ്ഥാനത്തിലുള്ള വ്യാപാരത്തെ ഗ്രാമ സേവകൻ വിശദീകരിക്കുന്നു.

ഓരോരുത്തരും അവരവരുടെ പരുത്തി പ്രാദേശിക വ്യാപാരിക്കു വില്ക്കുകയാണെങ്കിൽ അവർ നിശ്ചയമായും നഷ്ടം സഹിക്കേണ്ടിവരുമെന്നു ഗ്രാമസേവകൻ സാന്തു കൃഷിക്കാരോടു പറഞ്ഞു. തക്കം കിട്ടുമ്പോളെല്ലാം കച്ചവടക്കാർ കള്ളത്തൂക്കങ്ങൾ ഉപയോഗിക്കുകയും കൂടുതൽ പരുത്തി എടുക്കുകയും ചെയ്യും. ഓരോരുത്തർക്കും ഓരോ വണ്ടി പരുത്തി മാത്രമേ വില്ക്കാൻ കാണുകയുള്ളു. അതുകൊണ്ടു കച്ചവടക്കാർ കുറഞ്ഞ വിലയാണു നൽകുന്നതു്. മില്ലുടമസ്ഥന്മാർ കച്ചവടക്കാർക്കു നൽകുന്ന വിലയെക്കുറിച്ച് അവർക്ക് യാതൊരറിവും ഇല്ലായിരുന്നു. കർഷകരുടെ അറിവില്ലായ്മയേയും ദൂരെയുള്ള ചന്തകളിൽ പരുത്തി കൊണ്ടുപോയി വില്ക്കുന്നതിനുള്ള കഴിവില്ലായ്മയേയും കച്ചവടക്കാർ ശരിയായി 'മുതലെടുക്കുകയും' അങ്ങനെ കുറഞ്ഞവില മാത്രം നൽകുകയും ചെയ്തിരുന്നു. അവരുടെ ദൗർബല്യത്തേയും വിലയെക്കുറിച്ചുള്ള അറിവില്ലായ്മയേയും കച്ചവടക്കാർ ചൂഷണം ചെയ്യുക പതിവായിരുന്നു.

അയൽ ഗ്രാമങ്ങളിലുള്ള കർഷകർ ഉത്പാദിപ്പിക്കുന്ന പരുത്തി ചന്തയിലുള്ള പരുത്തി വ്യാപാര സംഘമാണു കച്ചവടം നടത്തിയിരുന്നതെന്ന് അവരോടു സാന്തു പറഞ്ഞു. ചില കർഷകർ പരുത്തിവ്യാപാരസംഘം രൂപവത്കരിക്കുന്നതിനു വേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി. അവർക്കു പുറമേ അനേകം കർഷകർ കൂടി അതിൽ അംഗങ്ങളായി ചേർന്നു. വിളവുകൾ തരംതിരിച്ചു ശേഖരിച്ചതിന്റെ ഫലമായി ഓരോ ഉത്പാദകന്റേയും പരുത്തിക്കു കൂടുതൽ വില വാങ്ങിക്കൊടുക്കാൻ സംഘത്തിനു സാധിച്ചു. ഒരു കർഷകനും തന്നെത്താൻ

നേടാൻ കഴിയാത്ത ഈ ഗുണം സംഘം അവക്ക നൽകുകയാണു ണ്ടായതു്. സംഘത്തിൽ ചേൻ കർഷകർ അതിനുശേഷം ഒരിക്കലും അവരുടെ ഉത്പന്നങ്ങൾ ഗ്രാമീണ വ്യാപാരികൾക്കു് വിററില്ല ; അതിനുശേഷം ഒരിക്കലും വില്പനയ്ക്കായി അവർ തദ്ദേശവ്യാപാരികളെ ആശ്രയിക്കുകയുമുണ്ടായില്ല. പല സന്ദർഭങ്ങളിലും ക്രയവിക്രയ സംഘം അതിലെ അംഗങ്ങൾക്കു് പണം കടം നൽകിയിരുന്നു. എന്നാൽ പ്രാഥമികവായ്പ സംഘങ്ങളിൽ നിന്നാണു സാധാരണമായി കൃഷിവായ്പ ലഭിച്ചിരുന്നതു്. വായ്പസംഘങ്ങൾ കച്ചവടസംബന്ധമായ ആവശ്യങ്ങൾക്ക ക്രയവിക്രയസംഘങ്ങളുമായി ബന്ധപ്പെട്ടിരുന്നു.

വില്പനസംഘത്തിലെ അംഗങ്ങൾ ഗ്രാമീണവായ്പ സംഘങ്ങളിലേയും അംഗങ്ങളായിരുന്നു. വായ്പ സംഘങ്ങൾ കാർഷികാവശ്യത്തിനു ന്യായമായ പലിശനിരക്കിൽ പണം കടം കൊടുത്തിരുന്നു. അതിനുശേഷം അവർക്ക ഗ്രാമീണ വ്യാപാരികളുടെ ദയാദാക്ഷിണ്യം ആവശ്യമുണ്ടായിരുന്നില്ല. അവരുടെ പരുത്തി, ചന്തയിലുള്ള വില്പനസംഘം മുഖേന വില്ക്കുന്നതിനു് ഗ്രാമീണവായ്പസംഘം ഏർപ്പാടു ചെയ്തിരുന്നു.

പരുത്തി വില്പന സംഘം.

പരുത്തി വില്പനസംഘം, ഉത്പന്നങ്ങളെ തരംതിരിച്ചു് ശേഖരിക്കുകയും, ചന്ത സന്ദർശിക്കുന്ന ബാംബേയിലേയും അഹമ്മദാബാദിലേയും മില്ലുടമസ്ഥന്മാരുടെ ഏജൻറന്മാർക്ക വില്ക്കുന്നതിനു് ഏർപ്പാടു ചെയ്യുകയും ചെയ്തിരുന്നു. അടുത്ത കാലത്തു ചില സംഘങ്ങൾ കൂടിയവില ലഭിക്കുന്നതിനുവേണ്ടി ബാംബേ വിപണിയുമായി ബന്ധം പുലർത്തുകയുണ്ടായി. പരുത്തി കൊടുത്താലുടൻ അതിൻെറ വിലയുടെ ഗണ്യമായ ഒരു ഭാഗം വില്പനസംഘങ്ങൾക്ക നൽകിയിരുന്നു. പരുത്തി വില്ക്കുമ്പോൾ കുറച്ചു തുക കൂടി നൽകുകയും അവസാനത്തെത്തുക ആ വർഷത്തെ കണക്കുകൾ തീർക്കുമ്പോൾ നൽകുകയും ആയിരുന്നു പതിവു്. സംഘത്തിൻെറ സേവനങ്ങൾക്കായി ഒരു ചെറിയ തുക കമ്മിഷനായി ഈടാക്കിയിരുന്നു.

സംഘത്തിലെ എല്ലാ അംഗങ്ങളും കർഷകരാണെന്നു സാനു സമ്മേളനത്തിൽ പറഞ്ഞു. അവർ ഓരോരുത്തരും അവരുടെ പ്രാഥമികവായ്പസംഘങ്ങൾമുഖേന ഒന്നിച്ചു ചേരുകയും മൂതലിൻെറ ഓഹരി ചെറിയ തുകകളായി നൽകുകയും ചെയ്തു. തങ്ങളുടെ ദൗർബല്യത്തേയും വിപണിയെക്കുറിച്ചുള്ള അറിവില്ലായ്മയേയും ചൂഷണം ചെയ്യാൻ തയാറായിരിക്കുന്ന ഗ്രാമീണ വ്യാപാരികളെ മേലാൽ ആശ്രയിക്കരുതെന്നും, തങ്ങളുടെ പരുത്തി സ്വന്തമായിത്തന്നെ വില്ക്കണമെന്നുമുള്ള ദൃഢനിശ്ചയത്തോടുകൂടിയാണ് അവർ ഈ വില്പനസംഘം രൂപവത്കരിച്ചിട്ടുള്ളത്.

തുടർന്നുണ്ടായ ചർച്ചകളുടെ ഫലമായി അവിടെ കൂടിയിരുന്ന ബചുഭായിക്കും മററു കർഷകർക്കും സംഘം മുഖേന വില്പന നടത്തുന്നതിൻെറ പ്രയോജനം ബോദ്ധ്യമായി. എല്ലാ കർഷകരും തങ്ങളുടെ ഉത്പന്നം ചന്തയിൽകൊണ്ടുപോകാൻ തീരുമാനിച്ചു.

വെള്ളിയാഴ്ച ചന്തയിൽ കച്ചവടക്കാർ കൂട്ടം കൂടിയിരുന്നു. ബചുഭായിയും അയാളുടെ അളിയനും കൂടി അവരുടെ വണ്ടി നിറയെ പരുത്തിയുമായി ചന്തയിലെത്തിയപ്പോൾ സമയം ഏകദേശം മദ്ധ്യാഹ്നമായിരുന്നു. ബചു ആറു വണ്ടി പരുത്തിയും, രജ്ഞോട് നാലുവണ്ടി പരുത്തിയും ആണു കൊണ്ടുവന്നിരുന്നത്. സാനു നേരത്തേ തന്നെ ചന്തയിൽ വന്നിട്ടുണ്ടായിരുന്നു. അതിനു മുമ്പു തന്നെ ധാരാളം കർഷകർ അവരുടെ ഉത്പന്നങ്ങളുമായി അവിടെ എത്തിയിരുന്നു. അനേകം കർഷകർ വില്പനയ്ക്കുള്ള പരുത്തിയുമായി ആ ചന്ത ദിവസം അവിടെ വരുമെന്നുള്ളതുകൊണ്ടു സംഘാദ്ധ്യക്ഷനും സെക്രട്ടറിയും അന്ന് അവിടെ ഉണ്ടായിരിക്കണമെന്നാണു സാനു പ്രത്യേകം അഭ്യർത്ഥിച്ചിരുന്നത്. ഗ്രാമീണാദ്ധ്യാപകൻെറ പുത്രനും ചെറുപ്പക്കാരനും ഉന്മേഷശാലിയും ആയ സെക്രട്ടറി കാന്തിലാലും സംഘാദ്ധ്യക്ഷനായ പ്രതാപ്റായിയും അവരവരുടെ സ്ഥാനങ്ങളിൽ ഇരിക്കുകയായിരുന്നു. സംഘാദ്ധ്യക്ഷനേയും സെക്രട്ടറിയേയും കാണുന്നതിനു സാനു ഓരോരുത്തർക്കും സൗകര്യം ഉണ്ടാക്കിയിരുന്നു.

സംഘാദ്ധ്യക്ഷൻെറ അഭ്യർത്ഥന

ബച്ചുവും അയാളുടെ അളിയനും അവരുടെ പരുത്തി, സംഘത്തിനു വിററു. അതു തൂക്കിയതിനു ശേഷം അവക്ക് രസീതു നൽകി. രൂപസ്സു് പത്തു് അണ നിരക്കിൽ പരുത്തിയുടെ വിലയിൽ ഒരു ഭാഗം അവക്കു കിട്ടി. ഇത്തരം ഏപ്പ്പാട് ഇതിനു മുമ്പൊരിക്കലും ബച്ചുവും അയാളുടെ അളിയനും അറിഞ്ഞിരുന്നില്ല. സംഘാദ്ധ്യക്ഷനോടും സെക്രട്ടറിയോടും സാനുവിനോടും അവർ നന്ദിപറഞ്ഞു. അവർ ഗ്രാമത്തിലേക്കു പുറപ്പെട്ടുന്നതിനു മുമ്പ് അവരോട് പ്രധാനപ്പെട്ട ഒരു കാര്യം പറയാനുണ്ടെന്നു പ്രതാപ്റായി അവരെ അറിയിച്ചു. കൃഷിക്കാരെല്ലാം അവിടെ ഇരുന്നു. കഴിഞ്ഞ രണ്ടു വഷ്മായി സംഘം, കഷ്കരുടെ പരുത്തി വില്ക്കുകയും അവരുടെ ഉത്പന്നങ്ങറംക്കു നല്ല വില കിട്ടുന്നതിനു് അവരെ സഹായിക്കുകയും ചെയ്യുവരികയായിരുന്നുവെന്നു സംഘാദ്ധ്യക്ഷൻ പറഞ്ഞു. മററു കഷ്കരുമായി യോജിക്കുന്നതുമൂലം അവക്കു തന്നത്താൻ സഹായിക്കുകയും മററുള്ളവരെ സഹായിക്കുകയും ചെയ്യാവുന്നതാണു്. നല്ല വിളവുള്ളപ്പോഴും ഗ്രാമീണവ്യാപാരികറം ന്യായമായ വില നൽകാതിരിക്കുമ്പോഴും മാത്രം സംഘത്തിൽ ഉത്പന്നം കൊണ്ടുവന്നാൽ പോരായെന്നും എല്ലാ വഷ്ത്തിലും കൊണ്ടുവരണമെന്നുള്ളതു പ്രാധാന്യമർഹിക്കുന്ന കാര്യമാണെന്നും ആദ്ദേഹം പറഞ്ഞു. പരുത്തിക്കു ദൗർലഭ്യം ഉണ്ടാകുമ്പോറം ഗ്രാമീണവ്യാപാരികറം നൽകുന്ന തുച്ഛമായ വിലക്കൂടുതൽകൊണ്ടു് ആകൃഷ്ടരായി പ്പോകരുതെന്നും അവർ സംഘത്തോടു കൂറുള്ളവരായിരിക്കണമെന്നും അവരുടെ സഹകരണപ്രയത്നംകൊണ്ടു മാത്രമേ സംഘത്തിനു് അതിൻെറ അംഗങ്ങളെ സഹായിക്കാൻ സാധിക്കുകയുള്ളവെന്നും അദ്ദേഹം തുടന്നു പറഞ്ഞു. അവിടെ സന്നിഹിതരായിരുന്ന എല്ലാ കഷ്കരും സംഘത്തിലെ അംഗങ്ങളായി ചേരാൻ സമ്മതിക്കുകയും അവിടെവച്ചു തന്നെ അവരുടെ ഓഹരിയുടെ ഒന്നാമത്തെ തവണ അടയ്ക്കുകയും ചെയ്തു. സംഘത്തിൻെറ ലാഭം അവരുടെ ഓഹരിയിന്മേലുള്ള വീതാംശമായും ബോണസ്സായും തങ്ങറംക്കുതന്നെ ലഭിക്കുമെന്നു് അവക്കറിയാമായിരുന്നു.

III

വില്പന നടത്തുന്നതിനും വായ്പ നൽകുന്നതിനും സഹകരണസംഘം വേണം

കാർഷികപ്രവർത്തനങ്ങൾ നടത്തുന്നതിനു് ഓരോ കർഷകനും വായ്പ ആവശ്യമാണു്. നല്ല വിത്തു്, വളം, കന്നുകാലികൾ, പുതിയതരം കൃഷിയായുധങ്ങൾ എന്നിവ വാങ്ങുന്നതിനു് അവനു പണം വേണം. വേണ്ടുവോളം വായ്പ ലഭിച്ചെങ്കിൽ മാത്രമേ ലാഭകരമായി കൃഷിചെയ്യാമെന്നാഗ്രഹിക്കുവാൻ അവനു കഴിയുകയുള്ളൂ. ആവശ്യമുള്ള വായ്പ ന്യായമായ പലിശനിരക്കിലും കൃഷിക്കാവശ്യമുള്ള സാധനങ്ങൾ ശരിയായ സമയത്തും ന്യായമായ വിലയ്ക്കും അവനു ലഭിക്കണം.

കഴിഞ്ഞ കാലങ്ങളിൽ ഗ്രാമത്തിലെ ധനികനായ ജന്മിയെയോ, തന്റെ ബന്ധുക്കളെയോ, ഉത്തമർണ്ണനായ വ്യാപാരിയെയോ വായ്പയ്ക്കുവേണ്ടിയും ഉത്പന്നങ്ങൾ വില്ക്കുന്നതിനുവേണ്ടിയും പലപ്പോഴും അവൻ ആശ്രയിച്ചിരുന്നു. അപ്രകാരം ചെയ്തതു് അവന്റെ ആവശ്യങ്ങൾ നിറവേററാൻ മററു മാർഗ്ഗങ്ങളില്ലാതിരുന്നതുകൊണ്ടാണു്. ഗ്രാമത്തിലെ ജന്മിയോ, ഉത്തമർണ്ണനായ വ്യാപാരിയോ, കർഷകനു നല്ലതുപോലെ കൃഷി ചെയ്യുന്നതിനാവശ്യമുള്ള പണം നൽകുകയോ, അവന്റെ ഉത്പന്നങ്ങൾക്കു ന്യായമായ വില നൽകുകയോ ചെയ്തിരുന്നില്ല. ഈ മദ്ധ്യവർത്തികൾക്കു സ്വന്തം താത്പര്യമല്ലാതെ കർഷകന്റെ നന്മയെക്കുറിച്ചു നോട്ടം ഇല്ലായിരുന്നു.

ആധുനികരീതിയിൽ കൃഷി ചെയ്യാനും ന്യായമായ പ്രതിഫലം ലഭിക്കത്തക്ക രീതിയിൽ ഉത്പന്നങ്ങൾ വില്ക്കാനും ആവശ്യമുള്ള തുക വായ്പയായി നൽകുന്നതിനും ഇപ്പോൾ സഹകരണസംഘങ്ങൾ ശ്രമിച്ചുവരുന്നുണ്ടു്. അംഗങ്ങളുടെ ന്യായമായ

താത്പര്യങ്ങരം സംരക്ഷിക്കുന്നതിനു വേണ്ടിയാണു സംഘം ഈ സൗകര്യങ്ങരം ചെയ്തുകൊടുക്കുന്നതു്. കൃഷകരായ അംഗങ്ങരം സ്വയം സഹായിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ചിട്ടുള്ള സംഘം ആയതുകൊണ്ടു് അതിന്റെ പ്രവത്തനങ്ങരം കൃഷകന്റെ ജോലിക്കു് ഏററവും യോജിച്ചിരിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ കൃഷകനു പണം ലഭിച്ചിരുന്നതു ജന്മിക്കോ, ഗ്രാമത്തിലെ ഉത്തമണ്ണനോ ഭൂമി പണയം നൽകിയി ട്ടായിരുന്നു. മഴക്കുറവുമൂലം കൃഷകൻ കഷ്ടപ്പെടുകയാണെങ്കിൽ അധികച്ചെലവുകരംക്കായി അവൻ വീണ്ടും പണം കടം വാങ്ങി യിരുന്നു. അതിന്റെ ഫലമായി, കടവും പലിശയും വർദ്ധിക്കു കയും ഒന്നിലധികം കൊല്ലം മഴ ദുർലഭമായിരിക്കുകയുമാണെ ങ്കിൽ അവൻ വലിയു കടക്കാരനായിത്തീരുകയും ഉത്തമണ്ണൻ ആദ്യത്തെ അവസരം പ്രയോജനപ്പെടുത്തി അവന്റെ ഭൂമി കൈക്കലാക്കുകയും ചെയ്തുവന്നിരുന്നു.

സഹകരണസംഘം പരസ്പരം സഹായിക്കുവാനുള്ളതായതു കൊണ്ടു ഭൂമി കൈവശപ്പെടുത്തുവാൻ അതിനു യാതൊരാഗ്രഹവു മില്ല. അധമണ്ണൻ ജാമ്യമായി നൽകുന്ന ഭൂസ്വത്തിനെ ആസ്പദ മാക്കിയല്ല. അവന്റെ കാഷികപ്രവത്തനത്തിന്റെ അഭി വൃദ്ധിയെ കണക്കാക്കിയാണു കൂടുതൽ വായ്പ നൽകുന്നതു്. അധമണ്ണന്റെ ഉത്പാനദശക്തിയെ ആശ്രയിച്ചാണു് അവനു് ആവശ്യമുള്ള കടം കൊടുക്കുന്നതു്, അവൻ നൽകുന്ന ജാമ്യത്തെ ആസ്പദമാക്കിയല്ല. അവന്റെ ഭൂമിയിൽ നല്ല വിളവുണ്ടാക്കുന്ന തിനു് ആവശ്യമായ വായ്പ സംഘം നൽകുന്നു. വിളവിന്റെ വർദ്ധനയോടും അധമണ്ണന്റെ ഉത്പാദനശക്തിയോടും ബന്ധ പ്പെട്ടതാണു് വായ്പ. പ്രയത്നശീലരും സത്യസന്ധരും വിളവിൽ നിന്നും ലഭിക്കുന്ന ആദായംകൊണ്ടു കടം വീടാൻ കഴിവുള്ള വരുമായ എല്ലാ കൃഷകക്കും വായ്പ നൽകുന്നതാണു്,

സഹകരിക്കുവാൻ സന്നദ്ധതയുള്ളവരും സത്യസന്ധരുമായ എല്ലാ കർഷകക്കും സഹകരണസംഘത്തിൽനിന്നും വായ്പ ലഭിക്കുന്നതാണു്. അവർ സഹകരണസംഘത്തോടു കൂറുള്ള

വരും സംഘത്തിലെ വ്യവസ്ഥകരം അനുസരിക്കുന്നവരുമായിരിക്കണം. സംഘത്തിനോട്ട് അംഗങ്ങരംക്കുള്ള എല്ലാ കടപ്പാടുകളും അവർ നിറവേററേണ്ടതാണ്. എങ്കിൽ മാത്രമേ സ്ഥായിയായ ഗുണം അംഗങ്ങരംക്ക ലഭിക്കുന്നതിനും, അവരുടെ ജീവിതത്തോതു് ഉയത്തുന്നതിനുംവേണ്ടി സഹായിക്കുവാൻ സംഘത്തിനു സാധിക്കുകയുള്ളു.

ജന്മിയായോ, കുടിയാനായോ ഭൂമി കൃഷിചെയ്യുന്ന എല്ലാ വ്യക്തികരംക്കും സംഘം വായ്പ നൽകുന്നുണ്ട്. പലതരത്തിലുള്ള വിളവുകരം ഒരേ ഭൂമിയിൽനിന്നും എടുക്കുന്ന കർഷകന്, വിവിധമായ കൃഷിചെയ്യുന്നതിനാവശ്യമായ പണം വായ്പയായി നൽകുന്നതാണ്. ഈ അടിസ്ഥാനത്തിൽ അംഗങ്ങരംക്കാവശ്യമായ വായ്പത്തുക സംഘം കണക്കാക്കുകയും ആ തുക സംഘത്തിൻെറ മുതലിൽ നിന്നോ കേന്ദ്രസഹകരണബാങ്കുമുഖേനയോ നൽകുന്നതിന് ഏർപ്പാടു ചെയ്യുകയും ചെയ്യുന്നു. ഓരോ കർഷകനും അവൻെറ നിലത്തിൽ ചെയ്യുന്ന കൃഷിക്ക് ആവശ്യമുള്ള വായ്പ ലഭിക്കുന്നു. കടം വാങ്ങിയിട്ടുള്ള ഒരു കർഷകൻ തൻെറ ഉത്പന്നങ്ങരം സംഘംമുഖേന വില്ക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. അംഗങ്ങളുടെ ഉത്പന്നങ്ങരം ഒരു സഹകരണ വ്യാപാരസംഘം മുഖേന വില്ക്കുന്നതിനു സംഘം ഏർപ്പാടു ചെയ്യുന്നുണ്ട്. അവരുടെ ഉത്പന്നങ്ങരംക്ക കൂടിയ വില സംഘം വാങ്ങിക്കൊടുക്കുകയും സംഘം കടം നൽകിയിട്ടുള്ള തുകകരം യഥാസമയം ഈടാക്കുന്നതാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

വ്യാപാരസംഘം ഒരു മൊത്ത വ്യാപാരിയുടെ ഏജൻറിനെപ്പോലെ കർഷകക്ക സേവനം അനുഷ്ഠിക്കുന്നു. സ്വകാര്യ വ്യാപാരികരംക്ക വിപരീതമായി സംഘത്തിലെ അംഗങ്ങളായ കർഷകരുടെ താത്പര്യത്തിനു വേണ്ടിയാണു വ്യാപാരസംഘം പ്രവത്തിക്കുന്നതു്. അതു കർഷകനു കൂടിയ വില നേടിക്കൊടുക്കുന്നു. ഏതു രാജ്യത്തിലുള്ള വിപണിയിലാണോ ഏററവും നല്ല വില ലഭിക്കുന്നതു്, അവിടെ സംഘാംഗങ്ങളുടെ ഉത്പന്ന

ങ്ങരം നേരിട്ട വില്ക്കുന്നതിന സംഘം പരിശ്രമിക്കുന്നു. വലിയ കർഷകക്കും, ചെറിയ കർഷകക്കും ഒരേ സേവനം തന്നെയാണ് സംഘം അനുഷ്ഠിക്കുന്നതു്. ഏററവുമധികം ആവശ്യമുള്ളതും ഉത്തമവുമായ ഉത്പന്നങ്ങരംക്കുവേണ്ടി സംഘം അംഗങ്ങളെ സഹായിക്കുന്നു. ശരിയായ ക്രമമൊണ് അവർ ഉപയോഗിക്കുന്നതു്. കർഷകൻെറ ഗുണത്തിനുവേണ്ടി വിളവിനെ തരംതിരിക്കുകയും എല്ലാത്തരം വിളവുകരംക്കും ഏററവും നല്ല വില നേടി ക്കൊടുക്കുകയും ചെയ്യുന്നു. വിളവുകരംക്കു കേടു തട്ടാതിരിക്കത്ത വണ്ണം വളരെ സമത്ഥമായിട്ടാണ് അവർ അതിനെ കൈകാര്യം ചെയ്യുന്നതു്. ഇതു് ഉത്പന്നങ്ങളുടെ വില കൂട്ടുകയല്ലാതെ ഒരു രീതിയിലും കുറയ്ക്കുകയില്ല.

വ്യാപാരസംഘത്തിൻെറ ഒരംഗമായും ഏജൻറായും സഹകരണവായ്പസംഘം ഗ്രാമത്തിൽത്തന്നെ പ്രവത്തിക്കുന്നു. വ്യാപാരസംഘത്തിനുവേണ്ടി സഹകരണവായ്പ സംഘം അതിൻെറ അംഗങ്ങളുടെ ഉത്പന്നങ്ങരം ശേഖരിക്കുന്നു. ഒരു കേന്ദ്ര ബാങ്കുമായി ഏർപ്പാടുചെയ്തു് സ്റ്റാക്കിൻെറ അടിസ്ഥാനത്തിൽ കടം വാങ്ങാവുന്നതാണ്. അതുകൊണ്ടു് ഉത്പന്നങ്ങരം ശേഖരിച്ചാലുടൻ അതിനു നല്ല വില കിട്ടുന്നില്ലെങ്കിൽ വില്ക്കേണ്ട ആവശ്യമില്ല. ആവശ്യമുള്ളപ്പോരം, ശേഖരിച്ചിട്ടുള്ള ഉത്പന്നങ്ങരം അംഗീകാരം ലഭിച്ച ഒരു പണ്ടകശാലയിൽ സൂക്ഷിച്ചിട്ട സാധനങ്ങരംക്കു നല്ല വില ലഭിക്കുമ്പോരം വില്ക്കാവുന്നതാണ്. അതേ അവസരത്തിൽ ഓരോ അംഗവും നല്കിയിട്ടുള്ള ഉത്പന്നങ്ങളുടെ വിലയുടെ ന്യായമായ ഒരു ഭാഗം സംഘം ബാങ്കിൽനിന്നും വായ്പയായി വാങ്ങി വീതിച്ചു കൊടുക്കുന്നുണ്ടു്. സഹകരണവായ്പസംഘവും വ്യാപാര സംഘവും ഒരേഗ്രാമത്തിലോ സമീപപ്രദേശങ്ങളിലോ സ്ഥിതിചെയ്യുകയാണെങ്കിൽ അവ തമ്മിൽ അടുത്ത ബന്ധം പുലത്താവുന്നതാണ്.

GOVT. BASIC TRAINING SCHOOL
KOTTAYAM, KERALA
1267

IV

സഹകരണസംഘം രൂപവത്കരിക്കുന്നതു് എങ്ങനെ ?

നിങ്ങളുടെ ഗ്രാമത്തിൽ ഒരു സഹകരണസംഘം ഉണ്ടായിരിക്കണമെന്നുള്ളതിനെപ്പററി ആലോചിച്ചുതുടങ്ങിയിരിക്കുകയാണല്ലോ. നിങ്ങളുടെ ഗ്രാമത്തിനാവശ്യമെന്നു നിങ്ങൾക്കു ബോദ്ധ്യമുള്ള സേവനങ്ങളും സാമഗ്രികളും നിങ്ങളുടെ സഹകരണസംഘം നൽകുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. കർഷകർക്കു കുറഞ്ഞ നിരക്കിൽ വായ്പയും വിത്തുകൾ, വളങ്ങൾ, കീടസംഹാരി, സാംക്രമികരോഗനിവാരണവസ്തുക്കൾ, പരിഷ്കൃതോപകരണങ്ങൾ മുതലായവയും ഉപ്പ്, മണ്ണെണ്ണ, വസ്ത്രം, തീപ്പെട്ടി തുടങ്ങിയ ഉപഭോഗസാധനങ്ങളും വിതരണം ചെയ്യുന്നതിനു വേണ്ടിയായിരിക്കാം ആ സംഘം സ്ഥാപിച്ചതു്. ഗ്രാമത്തിലെ ഉത്പന്നങ്ങൾ വിററഴിക്കുകയെന്നുള്ളതും സഹകരണസംഘത്തിൻെറ ഉദ്ദേശമായിരിക്കാം.

ഗ്രാമത്തിലെ ശില്പികളും കൈത്തൊഴിൽകാരും ഉത്പാദിപ്പിക്കുന്ന സാധനങ്ങൾ വിററഴിക്കുവാനും ഗ്രാമത്തിലെ പാടങ്ങളിൽ ജലസേചനം ചെയ്യുവാനും അസംസ്കൃത സാധനങ്ങൾ വിതരണം ചെയ്യുവാനും സംഘം ഏർപ്പാടു ചെയ്യെന്നു വരാം.

താഴെ പറയുന്നവ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം

(a) ഒരു സഹകരണസംഘംകൊണ്ടു് ഉദ്ദേശിക്കുന്നതു് എന്തു് ?

(b) അതു് എങ്ങനെ അഭിവൃദ്ധി പ്രാപിച്ചു ?

(c) അതിനെപ്പററി മററുള്ളവർക്കു് അറിവുണ്ടാക്കിക്കൊടുക്കുന്നതെങ്ങനെ ?

അല്പസമയം ഉഴിഞ്ഞുവയ്ക്കുക

നിങ്ങളെ അനുകൂലിക്കത്തക്കവണ്ണം മറ്റുള്ളവരിൽ താത്പര്യം ജനിപ്പിക്കുന്നതിനായി സഹകരണസംഘങ്ങളെ കുറിച്ച് നിങ്ങൾക്കറിയാവുന്നതെല്ലാം അവരെ പറഞ്ഞു മനസ്സിലാക്കാൻ നിങ്ങൾ ഉത്സുകരായിരിക്കണം.

നിങ്ങളുടെ ഗ്രാമത്തിനുവേണ്ടി ഒരു പുതിയ സംഘം രൂപവത്കരിക്കുവാൻ തുടങ്ങുന്നതിനു മുമ്പു നിങ്ങളുടെ ഗ്രാമത്തിലോ അയൽ ഗ്രാമങ്ങളിലോ ഒരു സഹകരണ സംഘം നേരത്തേ നിലവിലുണ്ടോ എന്നു പരിശോധിക്കണം. അങ്ങനെ നിങ്ങളുടെ ഗ്രാമത്തിലോ അല്ലെങ്കിൽ അതിൻെറ സമീപഗ്രാമങ്ങളിലോ ഒരു സഹകരണസംഘം നേരത്തേതന്നെ പ്രവത്തിച്ചു കൊണ്ടിരിക്കുന്നുവെങ്കിൽ അതിൻെറ പ്രവത്തനം നിങ്ങളുടെ ഗ്രാമത്തിലേക്കുകൂടി വ്യാപിപ്പിക്കുവാനുള്ള കഴിവും സന്നദ്ധതയും അതിനുണ്ടോ എന്നും നിങ്ങൾക്ക് താത്പര്യം ഉള്ള ഒരു വിഭാഗംകൂടി അതിനോടു ചേക്കാൻ അതു് ഒരുക്കമാണോ എന്നും അന്വേഷിക്കണം.

ഇൻഡ്യയിലും നിങ്ങളുടെ സ്വന്തം നാട്ടിലും ഫലപ്രദമായ അനേകം സഹകരണസംഘങ്ങൾ തുടങ്ങിയതു നിങ്ങളെപ്പോലെയുള്ളവരാണെന്നു നിങ്ങൾ ഇതിനകം മനസ്സിലാക്കിയിരിക്കുമല്ലോ. എവിടെയോ സഹകരണാശയത്തെക്കുറിച്ച് അറിവു ലഭിച്ച കുറെ ആളുകൾ അവരുടെ സ്നേഹിതന്മാരുമായി ചച്ചകൾ നടത്താൻ തുടങ്ങി. അവർ വേണ്ട വസ്തുതകൾ ശേഖരിച്ചു ചില പദ്ധതികൾ ആസൂത്രണം ചെയ്തു. അവക്കും അവരുടെ ഗ്രാമത്തിനും ഒരു സഹകരണസംഘം ഉണ്ടാകുന്നതുവരെ അവരുടെ പദ്ധതിയിൽ അവർ ഉറച്ചുനിന്നു.

ഇന്നു് ഇൻഡ്യയിൽ വിവിധതരത്തിലുള്ള രണ്ടരലക്ഷത്തോളം സഹകരണസംഘങ്ങൾ ഉണ്ടു്. അതിലൊന്നു നിങ്ങളുടെ ഗ്രാമത്തിലോ അയൽ ഗ്രാമത്തിലോ ആയിരിക്കും. ചിലപ്പോൾ കൂടുതൽഎണ്ണം നിങ്ങളുടെ താലൂക്കിൽ കണ്ടേക്കാം. പുതുതായി ഒരു സഹകരണസംഘം ആരംഭിക്കുന്നതിനു മുമ്പായി

നിങ്ങളുടെ ദേശത്തു നിലവിലുള്ള സഹകരണസംഘങ്ങളെക്കുറിച്ചു് അറിഞ്ഞിരിക്കേണ്ടതത്യാവശ്യമാണു്. എന്തുകൊണ്ടാണെന്നുപറയാം.

ഇൻഡ്യയിലെ ഗ്രാമങ്ങളിൽ അൻപതിലധികം കൊല്ലങ്ങാംക്കുമുമ്പുതന്നെ ഗ്രാമസഹകരണസംഘങ്ങാം ഉണ്ടായിരുന്നു. അവയിൽ ചിലതു മുന്നേറാൻ നിവൃത്തിഇല്ലാത്തവിധം തീരെ ചെറുതായതുകൊണ്ട പരാജയമടയുകയാണുണ്ടായതു്.

പലതിനും അവിടെയുള്ള ആളുകളുടെ ആവശ്യങ്ങാം പൂർണ്ണമായി നിറവേററാൻ സാധിക്കാതെപോയി. ഒട്ടധികം സംഘങ്ങാം അവയിൽ അംഗങ്ങളാകാൻ യോഗ്യതയുള്ള എല്ലാപേക്കും സേവനം അനുഷ്ഠിക്കുന്നകാര്യത്തിൽ ശ്രദ്ധിച്ചില്ല. ഒന്നാംതരം പ്രവർത്തനം നടത്താൻ പ്രാപ്തിയില്ലാത്ത അനേകം ചെറിയ സഹകരണസംഘങ്ങാം ആരംഭിക്കുന്നതുകൊണ്ട പ്രയോജനംഇല്ല അതിനേക്കാരം ഭേദം സുസംഘടിതമായ ഒരൊററ സംഘം മുഖേന പ്രവർത്തിക്കുന്നതാണെന്നു് അനുഭവം തെളിയിക്കുന്നു. നമ്മുടെ സഹകരണശക്തിയെ ഒത്തുചേർത്തുറപ്പിച്ചുനിറുത്തേണ്ട മറെറാരാവശ്യംകൂടിയുണ്ട്. വലിയസംഘങ്ങാംക്കു കൂടുതൽ ധനസഹായം ലഭിക്കുകയും അവയുടെ നടത്തിപ്പു സുഖകരമാകുകയും ചെയ്യുന്നു. അതുകൊണ്ടു് അവക്കു മത്സരങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ഏററവും നല്ല സന്ദർഭങ്ങളുണ്ടാകുകയും സംഘാംഗങ്ങാംക്കുവേണ്ടി ഉത്തമമായ സേവനം അനുഷ്ഠിക്കുന്നതിനു സാധിക്കുകയും ചെയ്യുന്നു.

സ്ഥിതിഗതികാം പുതിയ ഒരു സംഘത്തിൻെറ രൂപവത്കരണമാണു് ആവശ്യപ്പെടുന്നതെന്നു ബോദ്ധ്യപ്പെട്ടാൽ, കൂടെ ജോലിചെയ്യാൻ കഴിവുള്ളവരും, പുതിയ ഒരു സഹകരണസംഘമുണ്ടാക്കുവാൻ ആഗ്രഹമുള്ളവരുമായ മററുവിഭാഗം ആളുകളുണ്ടോ എന്നുനോക്കണം, ഈ വിധത്തിലുള്ള ഒരു പരിതഃസ്ഥിതി ഒത്തുവരികയാണെങ്കിൽ നിങ്ങളുടെ സങ്കല്പത്തിലുള്ള സംഘം രൂപവത്കരിക്കുന്നതിനുവേണ്ടിയുള്ള സഹായം നിങ്ങാംക്കു ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്.

സഹകരണബോധം

ഒരു സഹകരണസംഘം സ്ഥാപിക്കുക എന്നുള്ള ആശയം ആദ്യമായി രണ്ടോ മൂന്നോ വ്യക്തികളിൽ നിബദ്ധമായിരിക്കുമെന്നുള്ളതു മിക്കവാറും തീർച്ചയാണ്. ആ സ്നേഹിതർ ഒരുവേള ഉത്സാഹശീലരാണെങ്കിൽത്തന്നെയും സഹകരണതത്ത്വങ്ങളെക്കുറിച്ചോ അതിൻെറ പ്രായോഗിക വശങ്ങളെക്കുറിച്ചോ നല്ല അറിവുള്ളവരായിരിക്കുകയില്ല.

സഹകരണത്തെ സംബന്ധിക്കുന്ന വസ്തുതകൾ ശേഖരിക്കുക സഹകരണസംഘം രൂപവത്കരിച്ചു നടത്തുക എന്നൊക്കെപ്പറഞ്ഞാൽ അതിൻെറ അർത്ഥം നിങ്ങൾ സംഘാടകൻ (ആർഗനൈസർ) എന്നുള്ള നിലയിൽ സഹകരണത്തെക്കുറിച്ചു മനസ്സിലാക്കുകയും സഹകരണപരമായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചെയ്യുക എന്നാണ്. നിങ്ങളുടെ താലൂക്കിലെ സഹകരണ സൂപ്പർവൈസറുമായി നിങ്ങൾ സമ്പർക്കം പുലർത്തണം, അദ്ദേഹം സഹകരണസംഘങ്ങളുടെ എല്ലാപ്രവർത്തനങ്ങളെപ്പററിയും നിങ്ങൾക്കു പറഞ്ഞുതരും. അടുത്തുള്ള സംഘങ്ങൾ സന്ദർശിക്കാൻ അദ്ദേഹം നിങ്ങൾക്കു സൗകര്യം ഉണ്ടാക്കിത്തരും, കൂടാതെ നിങ്ങൾക്കു നിങ്ങളുടെ ഡിസ്ട്രിക്ററിലെ സഹകരണ പരിശീലന ഇൻസ്പെക്ടറേയും സമീപിക്കാം. അദ്ദേഹം നിങ്ങൾക്ക് എല്ലാവിധത്തിലുമുള്ള സഹായവും തുണയും ചെയ്തു തരും.

നിങ്ങളുടെ ആശയം സ്വീകരിക്കുന്നതിനു് ഒരു സംഘം ആളുകളുണ്ടായിരിക്കണം

സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചു നിങ്ങൾ പഠിക്കുമ്പോഴും, ആ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന അറിവു സമ്പാദിക്കുമ്പോഴും നിങ്ങൾ നിങ്ങളുടെ സ്നേഹിതന്മാരിൽനിന്നു സജീവമായ പിൻതുണ നേടാൻ ശ്രമിച്ചുകൊണ്ടിരിക്കണം.

നിങ്ങൾ സഹപ്രവർത്തകരോടും, സമീപവാസികളോടും ചേർന്ന് ആദ്യത്തെ ആസൂത്രണസമിതി രൂപവത്കരിക്കുക. ആ സമിതി മതിയാവുന്നത്ര വിപുലമാകുമ്പോൾ പ്രാഥമികാവസ്ഥ

യിലുള്ള ഒരു സഹകരണസംഘത്തെ നിങ്ങറംക്കു രൂപവത്ക്കരിക്കാം. ആദ്യത്തെ സംഘം അംഗങ്ങറം സഹകരണ പ്രസ്ഥാനത്തിൻെറ പൂവ്വകാലാനുഭവങ്ങളെക്കുറിച്ചു ചർച്ച ചെയ്യുവാനും സഹകരണ തത്ത്വങ്ങറം പ്രാദേശികാവശ്യങ്ങറംക്കുവേണ്ടി പ്രയോഗിക്കുവാനും ഒരു ക്രമമനുസരിച്ചു കൂടക്കൂടെ കൂടേണ്ടതാണ്. ഒരു സഹകരണ സംഘത്തെ സംബന്ധിക്കുന്ന അടിസ്ഥാന വസ്തുതകറംസംഘാടകൻ ശേഖരിച്ചശേഷം ഗ്രാമീണ സംഘങ്ങറംക്കുവേണ്ടി ചെറിയ യോഗങ്ങറം വിളിച്ചുകൂട്ടണം. അത്തരം യോഗങ്ങളിൽവച്ച് അതുവരെ ശേഖരിച്ചവിവരങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ഒരു സഹകരണസംഘം സ്ഥാപിക്കാനുള്ള സാദ്ധ്യതകളെപ്പററി ആലോചിക്കുകയും ചെയ്യേണ്ടതാണ്. ഒരു യോഗത്തിൽവച്ച് ഉത്തരം പറഞ്ഞുതീക്കാൻ കഴിയാത്തവിധം അത്രയധികം ചോദ്യങ്ങറം പൊന്തിവന്നേക്കാം. അടുത്തയോഗത്തിൽ താഴെ പറയുന്ന ചോദ്യങ്ങറം ചർച്ചചെയ്യണം.

(a) ആളുകളുടെ ഏതു പ്രത്യേകതരം ആവശ്യങ്ങളാണ് സഹകരണസംഘം സാധിച്ചുകൊടുക്കേണ്ടതു് ?

(b) സഹകരണസംഘം പ്രവത്തനം നടത്തുന്ന പ്രദേശത്തിൻെറ വിസ്തീണ്ണത എന്തായിരിക്കണം ?

(c) ആലോചനയിലിരിക്കുന്ന സഹകരണ സംഘത്തിൻെറ സഹായകസമിതി രൂപവത്കരിക്കുന്നതിന് ഏതെല്ലാമാളുകളെയാണ്സമീപിക്കേണ്ടതു്?

പുതിയ കുടുംബങ്ങളെക്കൂടി ഉറംപ്പെടുത്തുന്ന ഗ്രൂപ്പ്യോഗങ്ങറം കൂടക്കൂടെ നടത്തേണ്ടതാണ്. ഇത്തരം പ്രാഥമിക യോഗങ്ങളിൽ സംഘാടകർക്കു ക്ഷമയുണ്ടായിരിക്കേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ പുതിയൊരാശയം പ്രാവത്തികമാക്കുകയാണ്. ആളുകളും ഒരുവേള അന്യോന്യം അപരിചിതരായിരിക്കാം. ഈ യോഗങ്ങളിൽവച്ചു സഹായകസമിതിയുടെ രൂപവത്കരണം സംബന്ധിച്ച നടപടികറം എടുക്കണം.

സഹായകർ.

സഹായകസമിതിയിൽ ഗ്രാമസമുദായത്തിലെ എല്ലാ വിഭാഗക്കാരുടേയും നേതാക്കന്മാരെ ഉൾപ്പെടുത്താൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സഹകരണസംഘം ഫലപ്രദമായി അനുഷ്ഠിക്കേണ്ടതായ സേവനങ്ങളെ മുൻനിറുത്തിക്കൊണ്ടായിരിക്കണം സഹായകസമിതിയുടെ രൂപവത്കരണം നടക്കേണ്ടതു്. പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാൻ ധൃതിപ്പെടരുതു്. സഹകരണസംഘത്തിനു വളരെ കൊല്ലത്തേയ്ക്കു് ഉപേക്ഷിക്കാൻ കഴിയാത്ത തീരുമാനങ്ങളായിരിക്കും അങ്ങനെ ഉള്ളവ. പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാനുള്ള ചുമതല സഹായകസമിതിക്കു വിട്ടുകൊടുക്കേണ്ടതാണ്. മതിയാവോളം വിവരങ്ങൾ ശേഖരിക്കാൻ തക്കവലിപ്പം സമിതിക്കു് ഉണ്ടായിരിക്കണം. സംഘം വായ്പസംഘമോ, വിവിധോദ്ദേശ്യസംഘമോ, ക്രയവിക്രയസംഘമോ—എന്തായിരിക്കണമെന്നു നിശ്ചയിക്കാനുള്ള അവകാശം സമിതിക്കു് ഉണ്ടായിരിക്കണം. നിങ്ങളുടെ പുതിയ സഹകരണപ്രവത്തനം ഗ്രാമവാസികളുടെ യഥാൎത്ഥമായ ആവശ്യങ്ങളെ നിറവേററണം. ഇപ്പോൾ അവരെ അലട്ടിക്കൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങളെ അതു പരിഹരിക്കുകയും വേണം.

ഓർമ്മിക്കേണ്ടതായ പ്രധാനകാര്യങ്ങൾ.

ആവശ്യങ്ങൾ വേണ്ടുംവണ്ണം നിറവേററുന്നതിനു മതിയാവോളം പണം നിങ്ങൾ സഹകരണസംഘത്തിൽ നിക്ഷേപിച്ചിരിക്കണം.

നിങ്ങൾക്കു നല്ലൊരു ഭരണസമിതി ഉണ്ടായിരിക്കണം.

സഹകരണസംഘം വിജയപ്രദമാകത്തക്കവിധം കാര്യം നടത്താൻ ആവശ്യമുള്ള അംഗങ്ങൾ ഉണ്ടായിരിക്കണം.

സഹകരണതത്വങ്ങളും പ്രവർത്തനസമ്പ്രദായങ്ങളും ജനങ്ങളെ അറിയിക്കുവാനും പഠിപ്പിക്കുവാനും വേണ്ട ഏർപ്പാടുകൾ നിങ്ങൾ ചെയ്യണം. നിങ്ങളുടെ സംഘത്തിൽ അംഗമാകാൻ യോഗ്യതയുള്ള ഓരോ ഗ്രാമവാസിയേയും നിങ്ങൾ

സമീപിക്കേണ്ടതാണ്. യോഗങ്ങൾ ആസൂത്രണം ചെയ്യപ്പെടേണ്ടതും കാര്യപരിപാടിയും സ്ഥലവും യഥോചിതം പരസ്യപ്പെടുത്തേണ്ടതുമാണ്. സഹകരണ പരിശീലന ഇൻസ്പെക്ടറുടേയും വികസനോദ്യോഗസ്ഥന്മാരുടേയും സഹായങ്ങൾ സ്വീകരിക്കേണ്ടതാകുന്നു. യോഗങ്ങൾ ലളിതമായ വിനോദപരിപാടികളോടുകൂടി ആരംഭിക്കേണ്ടതും, ഗാനങ്ങളോടുകൂടി അവസാനിക്കേണ്ടതുമാണ്, ആ വിനോദ പരിപാടികളും ഗാനങ്ങളും സഹകരണത്തെ ആസ്പദമാക്കിയായിരുന്നാൽ വളരെ നന്നായിരിക്കും.

നിങ്ങളുടെ സംഘം നിയമപരമായി രജിസ്റ്റർ ചെയ്യണം.

പുതിയ സഹകരണസംഘം രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചുള്ള ചുമതല സഹായകരുടെ ഒരു ഉപസമിതിയെ ഏല്പിക്കേണ്ടതാണ്. നിങ്ങൾ രൂപവത്കരിക്കാൻ ആഗ്രഹിക്കുന്ന സംഘത്തിൻെറ മാതൃകാനിയമാവലിയുടെ ഒരു പകപ്പ് ഡിസ്ട്രിക്ററിലെ സഹകരണസംഘം അസിസ്റ്റൻറ് രജിസ്ട്രാരുടെ പക്കൽനിന്നോ വികസനോദ്യോഗസ്ഥന്മാർ മുഖേനയോ ഉപസമിതിക്കു ലഭിക്കാവുന്നതാണ്.

നിങ്ങളുടെ ആളുകളുടെ പ്രത്യേക ആവശ്യങ്ങൾക്കു യോജിച്ച രീതിയിൽ ഉപസമിതിക്കു മാതൃകാനിയമാവലിയിൽ മാററങ്ങൾ വരുത്താവുന്നതാകുന്നു. നിങ്ങളുടെ സംഘം രജിസ്റ്റർചെയ്യാൻ ഡിസ്ട്രിക്ററ് സഹകരണബോർഡിലെ ഔദ്യോഗികഭാരവാഹികളുടെ സഹായം നിങ്ങൾക്കു ആവശ്യപ്പെടാവുന്നതാണ്.

രജിസ്ട്രേഷൻ ശരിയാകണമെങ്കിൽ താഴെ പറയുന്നവ കൂടിയേതീരൂ.

(a) മറെറാരു സംഘത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത ഒരു പേരും നിയമാനുസൃതമായ ഒരു മേൽവിലാസവും.

(b) ഒരു പ്രാരംഭ പ്രവർത്തകസമിതി.

(c) സംഘത്തിൻെറ മൂലധനത്തിൻെറ യഥാർത്ഥമായ ഒരു വിവരണം.

മുകളിൽ പറഞ്ഞിട്ടുള്ളവയിൽ ഓരോന്നിൻെറമേലും ഉള്ള തീരുമാനം എടുക്കാനുള്ള ചുമതല ഉപസമിതിയിൽ മാത്രമല്ല, പ്രവത്തകസമിതിയിലെ എല്ലാ അംഗങ്ങളിലും നിക്ഷിപ്ത മായിരിക്കുന്നു.

സംഘത്തിൻെറ ഒരു പൊതുയോഗം വിളിച്ചുകൂട്ടി അതിൽ വച്ചു് അന്നുവരെ നടന്നിട്ടുള്ള പ്രവത്തനങ്ങളെ പരിശോധിക്കു കയും കരടുനിയമാവലിയെ അംഗീകരിക്കുകയും ചെയ്യണം. ഈ യോഗത്തിൽവച്ചു് അംഗത്വത്തിനും മൂലധനപ്പിരിവിനും വേണ്ടി ഒരഭ്യത്ഥനയും നടത്താം.

അതിനുശേഷം സംഘത്തിൻെറ നിയമാവലി നിങ്ങളുടെ ഡിസ്ട്രിക്ററിലെ സഹകരണസംഘങ്ങളുടെ അസിസ്റ്റൻറു രജിസ്ട്രാരുടെ മുമ്പാകെ രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കേണ്ട താണു്.

സംഘം ഉടലെടുത്തു.

അസിസ്റ്റൻറു രജിസ്ട്രാർ നിയമാവലി രജിസ്റ്റർചെയ്തു് രജിസ്ട്രേഷൻ സർട്ടിഫിക്കററു് നിങ്ങൾക്കു നൽകുമ്പോൾ നിങ്ങളുടെ സംഘം ജനിക്കുകയായി. അല്പസമയത്തിനുമുമ്പു്. ഏതാനുംപേരുടെ സങ്കല്പത്തിൽമാത്രം സ്ഥിതിചെയ്തിരുന്ന സഹകരണസംഘം എന്ന ആശയം ഇപ്പോൾ നിയമസാധുത്വം ഉള്ള ഒരു യാഥാത്ഥ്യമായിത്തീന്നിരിക്കുന്നു. ആളുകളോടു് അതിനെ സംബന്ധിക്കുന്നതെല്ലാം പറയുവാനുള്ള സമയം ഇതാണു്.

ആളുകളോടു് അതിനെപ്പററി പറയുക.

ഒരു പ്രത്യേക തൊഴിലിൽ ഏപ്പെട്ടിരിക്കുന്ന എല്ലാപേക്കും സംഘത്തിൽ അംഗമാകാൻ കഴിയുന്നതെങ്ങനെയെന്നും, സംഘം സ്ഥാപിച്ചതിൻെറ ഉദ്ദേശ്യങ്ങൾ എന്തെല്ലാമെന്നും ലഘുവായി വിവരിച്ചുകൊണ്ടു പരസ്യങ്ങൾ അച്ചടിപ്പിക്കുക. സഹകരണ

സംഘത്തിൽ അംഗങ്ങളെ ചേക്കാനുള്ള ഏററവും ഫലപ്രദമായ മാർഗ്ഗം, ചേരാനുദ്ദേശിക്കുന്നവരുടെ വീടുകാം സന്ദർശിക്കുക എന്നുള്ളതാണ്. അച്ചടിച്ച നിയമാവലിയുടേയും പരസ്യങ്ങളുടേയും പ്രതികാം, ചേരാൻ ഉദ്ദേശിക്കുന്ന അംഗങ്ങാംക്കു കൊടുക്കേണ്ടതാകുന്നു. അംഗങ്ങളുടെ ആദ്യത്തെ പൊതുയോഗം കെങ്കേമമായി നടത്താൻ കഴിയും. സംഘം രൂപവത്കരിക്കുന്ന കാര്യത്തിൽ സഹായിച്ച എല്ലാപേരെയും ഈ യോഗത്തിനു ക്ഷണിക്കണം.

നല്ലൊരു സംഘം രൂപവത്കരിക്കുക

നല്ലൊരു സംഘം രൂപവത്കരിക്കുന്ന അവസരത്തിൽ താഴെപ്പറയുന്ന കാര്യങ്ങാം നിങ്ങാം ശ്രദ്ധിക്കേണ്ടതാണ് :

വേണ്ടുവോളം മൂലധനം

വേണ്ടുവോളം ഓഹരികാം അടങ്ങിയ മൂലധനം ഉണ്ടായിരിക്കണം. ഓരോ സഹകരണ സംഘത്തിനും എന്തുമാത്രം മൂലധനം വേണമെന്നു പറയുവാൻ പ്രയാസമുണ്ട്. അതു തീരുമാനിക്കേണ്ടതു നിങ്ങളുടെ സഹായകസംഘമാണ്. നിങ്ങളുടെ പ്രവത്തനത്തിനും നിങ്ങളുടെ സമൂഹത്തിനും ആവശ്യമുള്ള കണക്കുകാം കൂട്ടേണ്ടതായിവരും. മൂലധനം കുറഞ്ഞതു് എന്തുമാത്രം ഉണ്ടായിരിക്കണമെന്നുള്ളതു നിശ്ചയിക്കുന്നതിൽ നിങ്ങളുടെ ഡിസ്ട്രിക്ററിലുള്ള മററുസഹകരണസംഘങ്ങളുടെ പരിചയം സഹായകരമായിരിക്കും.

മതിയാവോളം അംഗത്വം

ഓരോ സഹകരണ സംഘത്തിലും കുറഞ്ഞതു് എത്ര അംഗങ്ങാം ഉണ്ടായിരിക്കാമെന്നുള്ളതിനു യാതൊരു കർശന നിയമവും ഇല്ല. ഏതൊരുരീതിയിലുള്ള പ്രവത്തനത്തിനു വേണ്ടിയാണോ നിങ്ങാം സംഘടന രൂപവത്കരിച്ചതു്, ആ രീതിയിലുള്ള പ്രവത്തനത്തിൽ താത്പര്യമുള്ള ഏതൊരാാംക്കും അംഗമായി ചേരാവുന്നതാണ്. നിങ്ങാം ആരംഭിക്കുവാൻ പോകുന്ന പ്രവർത്തനത്തിനാവശ്യമുള്ള ധനത്തെ ആശ്രയിച്ചായിരിക്കും അംഗത്വത്തിന്റെ എണ്ണം നിശ്ചയിക്കേണ്ടതു്. ഒരു സഹകരണസംഘ

ത്തിന്ന് എപ്പോഴും ധനം ലഭിക്കുന്നതു് അംഗങ്ങളിൽനിന്നാണ്; പുറമേനിന്നല്ല. വിജയകരമായ പ്രവൎത്തനത്തിന്ന് ആവശ്യമുള്ളിടത്തോളം അംഗങ്ങളെയെങ്കിലും ലഭിക്കാൻ സാദ്ധ്യതയുണ്ടെങ്കിലല്ലാതെ യാതൊരുസഹകരണ സംരംഭങ്ങളും പാടില്ലെന്നുള്ളതു് ഒരു പൊതുതത്വമാണ്.

പ്രവൎത്തനമണ്ഡലം

നിങ്ങളുടെ പ്രവൎത്തന മണ്ഡലം നിങ്ങളുടെ ഗ്രാമത്തിനകത്തും ഒതുക്കിനിറുത്തുകയാണെങ്കിൽ, നിങ്ങൾക്ക് ആവശ്യമുള്ളിടത്തോളം അംഗങ്ങളും സംഘം വിജയകരമായി നടത്തുന്നതിനുള്ള മൂലധനവും ലഭിക്കുന്നതല്ല. ഏതൊന്നിനുവേണ്ടിയാണോ അതിനെ സംഘടിപ്പിച്ചതു് അതിനാവശ്യമായ സേവനം അനുഷ്ഠിക്കാൻ പ്രാപ്തിയില്ലാത്ത ഒരു സംഘടനയായിരിക്കും അതു്. നേരേമറിച്ച് പ്രവൎത്തന മണ്ഡലം വിപുലീകരിക്കുകയും, അയൽ ഗ്രാമങ്ങളെ നിങ്ങളുടെ സംഘത്തിൻെറ പ്രവർത്തന പരിധിയിലുൾപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് ആവശ്യമുള്ളിടത്തോളം ഓഹരികൾ അംഗങ്ങളിൽനിന്നും ശേഖരിക്കാൻ കഴിയുന്നതും കൂടുതൽ ഉദ്യോഗസ്ഥന്മാരെ നിയമിച്ച് കാര്യക്ഷമമായ ഭരണം നടത്താൻ സാധിക്കുന്നതുമാണ്.

അംഗങ്ങളെ പഠിപ്പിക്കുക

എല്ലാസഹകരണ സംഘങ്ങൾക്കും ഓരോവിദ്യാഭ്യാസോപസമിതി ഉണ്ടായിരിക്കണം. സഹകരണസംഘം എന്തിനുവേണ്ടി സംഘടിപ്പിച്ചുവെന്നും അതു് എങ്ങനെയാണു പ്രവൎത്തിക്കുന്നതെന്നും അംഗങ്ങളെ പഠിപ്പിക്കാനുള്ള ചുമതല സഹകരണസംഘങ്ങൾക്കുണ്ടു്. സഹകരണസംഘം അതിൻെറ ഉപഭോക്താക്കളുടെ വകയാണെന്നുള്ളതാണു സഹകരണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുടെ ഒരു മേന്മയെന്നു് ഓർത്തിരിക്കേണ്ടതാകുന്നു. ഉപഭോക്താക്കളായ അംഗങ്ങൾ എത്രത്തോളം കൂറുള്ളവരായിരുന്നു എന്നുള്ളതിനെ ആശ്രയിച്ചാണ് അതിൻെറ മേന്മ നിലനില്ക്കുന്നതു്. അതു നിങ്ങളുടെ കാര്യക്ഷമതയേയും വിദ്യാഭ്യാസ പ്രവൎത്തനത്തേയുമാണ് ഏററിയകൂറും ആശ്രയിച്ചിരിക്കുന്നതു്.

ഓരോ അംഗവും ഒന്നുകിൽ ശക്തനായ ഒരു ഡയറക്ടറരോ അല്ലെങ്കിൽ ഭരണസമിതിയിലെ ഒരംഗമോ ആയിരിക്കാം. അതുകൊണ്ട് എല്ലാ അംഗങ്ങളേയും, അതിൻെറ പ്രവർത്തനത്തിലുള്ള ചുമതലയേയും പ്രവർത്തനരീതിയേയുംപ്പററി പഠിപ്പിക്കേണ്ടതു് അത്യാവശ്യമാണു്.

സദ്ഭരണം

നിങ്ങളുടെ വിജയത്തിനു ഹേതുഭൂതൻ സെക്രട്ടറിയോ, മാനേജരോ ആണു്. അവർ തങ്ങളുടെ പ്രവൃത്തിയിൽ പരിശീലനം ലഭിച്ചിട്ടുള്ളവരും സമർത്ഥന്മാരും ആയിരിക്കണം. അവർക്കു ന്യായമായ പ്രതിഫലം നൽകണം. ഏററവും ശ്രദ്ധയോടുകൂടിവേണം അവരെ തിരഞ്ഞെടുക്കേണ്ടതു്. പ്രയാസമേറിയ പരിതഃസ്ഥിതികളിൽപോലും സഹകരണ സംഘങ്ങൾ വിജയിക്കുന്നതു സമർത്ഥന്മാരായ മാനേജരന്മാർ നിമിത്തമാണെന്നും, ഏററവും അനുകൂലമായപരിതഃസ്ഥിതികളിൽ പോലും സഹകരണ സംഘങ്ങൾ പരാജയപ്പെടുന്നതു കാര്യക്ഷമതയില്ലാത്ത മാനേജരന്മാർ നിമിത്തമാണെന്നുമുള്ളതു് സാർവ്വത്രികമായ ഒരു നിയമമാണു്. ഒരു പ്രദേശത്തുള്ള എല്ലാ സംഘങ്ങളും സഹകരിക്കുകയാണെങ്കിൽ നല്ല പരിശീലനം ലഭിച്ചവരും കാര്യക്ഷമതയും ആത്മാർത്ഥതയുമുള്ളവരുമായ ഉദ്യോഗസ്ഥന്മാരെ ലഭിക്കാൻ എളുപ്പമുണ്ടു്.

ശരിയായ നേതൃത്വം വാഗ്ദാനം ചെയ്യുക

പ്രവർത്തനത്തിലുള്ള പരിചയം, സംഘത്തിൻെറ പ്രവർത്തനത്തിനുവേണ്ടി ചിലവഴിക്കാനുള്ള സമയം, ആ പ്രവർത്തനത്തിൽ ഉള്ളതാത്പര്യം സർവ്വോപരി മററുള്ളവരുമായി ജനകീയാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ളകഴിവു് ഇവയെ ആസ്പദമാക്കിയായിരിക്കണം നേതാക്കന്മാരെ തിരഞ്ഞെടുക്കേണ്ടതു്.

പ്രവർത്തകരെ അതാതു താലൂക്കുകളിലുള്ള സഹകരണ വിദ്യാലയങ്ങളിലോ, പരിശീലനക്ലാസ്സുകളിലോ അയച്ചു്

പരിശീലനം നൽകാവുന്നതാണ്. സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സഹകരണപരിശീലന ഇൻസ്പെക്ടർമാരും മററു യോഗ്യത നേടിയവരും നൽകുന്ന പ്രസംഗങ്ങൾവഴി ഡയറക്ടർമാർക്കും സമിതി അംഗങ്ങൾക്കും അറിവു ലഭിക്കുന്നതാണ്.

ശരിയായ രേഖകൾ സൂക്ഷിക്കുക

ഒരു നല്ല സഹകരണസംഘത്തിൽ ഓരോ നയാപൈസയുടേയും കണക്കു സൂക്ഷിക്കണം. എല്ലാ ചെലവുകളും സൂക്ഷ്മ പരിശോധനകളിൽ ശരിയായിരിക്കേണ്ടതാണ്. ഏതൊരു അംഗത്തിനും കണക്കുപരിശോധിക്കാനവകാശം ഉള്ളതുകൊണ്ടു കണക്കുകൾ എളുപ്പത്തിൽ മനസ്സിലാകുന്നവയായിരിക്കണം.

അംഗങ്ങളുടെ കൂറ്

തങ്ങളുടെ സംഘവുമായി മാത്രമേ കച്ചവടം നടത്തുകയുള്ളു എന്നു് അംഗങ്ങൾ തീരുമാനിക്കണം. അതിനെ ആശ്രയിച്ചാണു സഹകരണസംഘങ്ങളുടെ വിജയം സ്ഥിതിചെയ്യുന്നതു്. അംഗങ്ങൾക്കു കുറേക്കൂടി ഉയർന്നതരത്തിലുള്ള സേവനം അനുഷ്ഠിക്കുന്നതിനും അംഗങ്ങളുടെകൂറ് ഉറപ്പിക്കുന്നതിനും സംഘം പരമാവധി യത്നിക്കേണ്ടതാണ്.

256

1267